രുള്ളകളൊന്നും ഗണിക്കാതെ എല്ലാ സംഗതികളും വോട്ടുകൊണ്ടു നിശ്ച യിച്ചാൽ മതിയെന്നു വയ്ക്കുന്നതു ഒരിക്കലും നീതീകരിക്കത്തക്കതുമല്ല. ഒരു റൂൾ ഉണ്ടാക്കുക, ഇഷ്ടാപോലെ അതു മാറിവയ്ക്കുക, റദ്ദാക്കുക ഇതൊക്കെ ഒരു പിടിപ്പുള്ള നടപടിയായി ആരും ഗണിക്കുകയില്ല. അതുകൊണ്ടു ഈ റൂൾ സസ്പെൻറു ചെയ്യാൻ ഈ സഭ അനുവദിക്ക ണമോ എന്നു നല്ലവണ്ണം ആലോചിച്ചതിനുശേഷമെ തീരുമാനിക്കാവു എന്നു ഞാൻ സഭയോടു അപേക്ഷിക്കുന്നു.

HON'BLE MR. A. J. JOHN : സെലക്ട് കമ്മിറ്റിയുടെ കോറം ൭ ആയിരിക്കണമെന്നുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

HON'BLE MR. T. K. NARAYANA PILLAI: ഞാൻ അതിനെ പിൻ താങ്ങുന്നു.

The motion was put to vote and carrid.

HON'BLE MR. A. J. JOHN : I also move that Rule 55, sub-rule 2 be suspended and that the committee be ordered to submit its report on 22-2-49.

HON'BLE MR. T. K. NARAYANA PILLAI : ഞാൻ അതിനെ പിൻ താങ്ങുന്നു.

The motion was put to vote and carried.

THE TRAVANCORE PREVENTION OF EVICTION BILL.

HON'BLE MR A. J. JOHN: I beg to introduce the Travancore Prevention of Eviction Bill.

HON'BLE MR. N. KUNJURAMAN: I second it.

HON'BLE MR. A. J. JOHN: സർ, കുടികിടപ്പുകാരെ സ്വാഭാവികം കുടി യിറക്കുന്നു എന്നു തിരുവിതാംകൂറിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും പരാ തികൾ ലഭിക്കുന്നുണ്ടു്. അതിനാൽ കുടികിടപ്പുകാരെ യഥേഷ്ടം കുടി യിറക്കുന്നതു തടയുന്നതിനു മതിയായ വ്യവസ്ഥകൾ ചെയ്യേണ്ട ആവശ്യം ഇപ്പോഴുണ്ടെന്നു ഗവണ്മെൻറു കരുതുന്നു. ഈ കാരണത്താ ലാണു് ഈ ബിൽ അവതരിപ്പിക്കുന്നതു്.

ബില്ലിലെ പ്രധാന വ്യവസ്ഥകൾ പ്രസ്താവിക്കാം. ഈ ആക്ടു നടപ്പിൽവരുന്ന തിയതി, കോടതികളിൽ തീരുമാനത്തിലിരിക്കുന്ന കുടി യിറക്കുസംബന്ധമായ എല്ലാ വ്യവഹാരങ്ങളിലും മറ്റു നടപടികളിലും വ്യവഹാരപ്പെട്ട സമയത്തു ഈ ആക്ടു നടപ്പിലിരുന്നാൽ ഇതിലെ വ്യവസ്ഥകൾ സംബന്ധിക്കുമായിരുന്നെങ്കിൽ, സംബന്ധപ്പെട്ട കക്ഷിക ളുടെ അവകാശങ്ങളും ബാദ്ധ്യതകളും ഈ ആക്ടിലെ വ്യവസ്ഥകൾ മൂലം നിയന്ത്രിക്കപ്പെടുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. A. J. John]

'കുടികിടപ്പുകാരൻ' എന്നുള്ളതിന്റെ നിർവചനം ഇതാണ്. ഒരു വീടോ ഒരു വീട് പണിയുന്നതിന് സ്വന്തം ഭൂമിയോ ഇല്ലാത്തവനും, ഒരു വീട് പണിയുന്നതിലേക്കായി ആ ഭൂമിയുടെ ഒരു ഭാഗം ഉപയോഗിച്ചു കൊള്ളുകയും കൈവശം വച്ചുകൊള്ളുകയും ചെയ്യുന്നതിന് ഭൂമി ഉടമസ്ഥൻ അനുവദിക്കയും ചെയ്തിട്ടുള്ളവൻ എന്നു അർത്ഥമാകുന്നു.

'കുടിയിരുപ്പ്' എന്നു പറഞ്ഞാൽ വസ്തു ഉടമസ്ഥന്റെ അനുവാദത്തോടുകൂടി കുടികിടപ്പുകാരൻ തന്റെ വാസസ്ഥലമായി ഉപയോഗിക്കുന്ന കെട്ടിടം, വീട് അഥവാ പുര ഇതും, അതു നിൽക്കുന്ന സ്ഥലവുമാകുന്നു.

ഈ ആക്ടിലെ വ്യവസ്ഥകൾക്കു വിധേയമായി, ഈ ആക്ടു ഉൾജിതത്തിൽ വരുന്ന തീയതിയിൽ ഒരു കുടിയിരുപ്പു കൈവശമുള്ള ഏതു കുടികിടപ്പുകാരനും മേൽപ്പടി തീയതിക്കുശേഷം വസ്തു ഉടമസ്ഥനോ ഉടമസ്ഥന്റെ സമ്മതത്തോടുകൂടി മറ്റുവല്ല കൈവശക്കാരനോ അനുവാദം കൊടുത്തപ്രകാരം കുടിയിരുപ്പു കൈവശം കിട്ടിയിട്ടുള്ള ഏതു കുടിയിരുപ്പുകാരനും ആ കുടിയിരുപ്പിൽ സ്ഥിരമായ കൈവശാവകാശം ഉണ്ടായിരിക്കുന്നതും ഈ ആക്ടിന്റെ വ്യവസ്ഥകൾ അനുസരിച്ചല്ലാതെ അയാളെ കുടിയിറക്കുവാൻ പാടില്ലാത്തതുമാകുന്നു. ഈ ആക്ടു ആരംഭിക്കുന്ന തീയതിയിൽ ഈ ആക്ടു സംബന്ധിക്കുന്ന ഒരു കുടിയിരുപ്പിൽ പാർക്കുന്ന ഏതൊരു കുടികിടപ്പുകാരനും ആ കുടിയിരുപ്പു കൈവശം വച്ചുകൊണ്ടിരിക്കുന്ന ഉടമസ്ഥന്റെ അനുവാദത്തോടുകൂടിയാണെന്നു കരുതപ്പെടേണ്ടതാണ്.

ഒരു കുടികിടപ്പുകാരനു അയാളുടെ കുടിയിരിപ്പിലുള്ള അവകാശത്തിനു പിൻതുടർച്ച ഉണ്ടായിരിക്കുന്നതാണ്. പക്ഷെ അന്യാധീനപ്പെടുത്താവുന്നതല്ല.

കുടിയിറക്കിനുള്ള ഒരു ഡിക്രിപ്രകാരമല്ലാതെ ഒരു കുടിയിരുപ്പുകാരനെയും കുടിയിറക്കുവാൻ പാടുള്ളതല്ല.

അടിയിൽ വിവരിക്കുന്ന കാരണങ്ങളാൽ മാത്രമെ കുടിയിറക്കുന്നതിനു ഒരു ഡിക്രി പാസാക്കുവാൻ പാടുള്ളൂ.

(എ) അയാൾ കൈവശവസ്തുവിൽ മനഃപൂർവമായും ഉദ്ദേശത്തോടുകൂടിയും നാശകരങ്ങളായ പ്രവൃത്തികൾ ചെയ്തിരിക്കുക;

(ബി) കൈവശവസ്തുവിലെ ഉൽപ്പന്നങ്ങളിൽ വല്ലഭാഗവും അയാൾ ന്യായരഹിതമായി ഉപയോഗപ്പെടുത്തിയിരിക്കുക;

(സി) തനിക്കോ തന്റെ കുടുംബത്തിൽ വല്ല അംഗത്തിനുമോ കെട്ടിടം കെട്ടുന്നതിലേയ്ക്ക് ഉത്തമവിശ്വാസപൂർവം ഉടമസ്ഥൻ വസ്തു

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെടുകയും ആ ഭാഗം അപ്രകാരം പണിയേണ്ടതായ കെട്ടിടത്തിന്റെ സുരക്ഷയ്ക്ക് ആവശ്യമായിരിക്കുകയും ചെയ്യുക;

വിശദീകരണം.—ഉടമസ്ഥതയുള്ള ആളിന്റെ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, കുട്ടികൾ, കുട്ടികളുടെ കുട്ടികൾ എന്നിവർ ഉടമസ്ഥതയുള്ള ആളിന്റെ കുടുംബാംഗങ്ങളായി കരുതപ്പെടും.

(ഡി) ഉടമസ്ഥന്റെ അവകാശത്തിന് ബാധകമായവിധം തന്റെ പേർപ്പിടമായ വസ്തുവിന്റെ ഭാഗത്തിലോ, സ്ഥലത്തിലോ നാശമുണ്ടാക്കുന്നതിനോ അതിക്രമണം നടത്തുന്നതിനോ അയാൾ മനപൂർവ്വമായോ വഞ്ചനപരമായി ക്ഷുദ്രോദ്ദേശത്തോടെയോ ഒരു അന്യനെ അനുവദിക്കുക;

(ഇ) കുടിയിരുപ്പിൽ തനിക്കുള്ള അവകാശം ഒരു അന്യനു അന്യാധീനപ്പെടുത്തുക;

(എഫ്) അയാളോ അയാളുടെ കുടുംബമോ അയാളുടെ കുടിയിരുപ്പിൽ തുടർച്ചയായി ആറുമാസത്തിലധികം കാലം താമസിക്കാതിരിക്കുകയോ അതിനെ ഉപേക്ഷിച്ചുപോകുകയോ ചെയ്യുക; അഥവാ—

(ജി) അയാൾക്ക് മറ്റൊരു കുടിയിരുപ്പുണ്ടായിരിക്കുകയോ ഒരു കുടിയിരുപ്പു കെട്ടുന്നതിനുവേണ്ടി ഭൂമിയുടെ കൈവശാവകാശം അയാൾക്ക് സിദ്ധിക്കുകയോ ചെയ്യുക.

കുടിയിരുപ്പുള്ളതായ ഒരു ഭൂമി ഒഴിപ്പിക്കുന്നതിലേയ്ക്ക് ഉടമസ്ഥനോ ഒറ്റിക്കാരനോ, പാട്ടക്കാരനോ മറ്റാരെങ്കിലുമോ വ്യവഹാരപ്പെടുന്നതായാൽ ഏതെങ്കിലും കക്ഷിയുടെ അപേക്ഷയെ ആസ്പദമാക്കി അപേക്ഷക്കാരന്റെ ചെലവിൽ കുടിയിരുപ്പുമാറ്റി വേറൊരു സ്ഥലത്തു മാറ്റി സ്ഥാപിക്കാവുന്നതാണ്.

സർ, ഈ ബിൽ ഇപ്പോൾ അവതരിപ്പിക്കുവാനുള്ള കാരണം, കുടിയിറക്കുന്നതുകൊണ്ടു കഷ്ടപ്പെടുന്നവരായ ആളുകൾക്ക് എത്രയും വേഗത്തിൽ സങ്കടനിവാരണം ഉണ്ടാക്കിക്കൊടുക്കണമെന്നു കാണിച്ചുകൊണ്ട് അനവധി നിവേദനങ്ങൾ ഗവണ്മെന്റിനു കിട്ടിക്കൊണ്ടിരിക്കുന്നതാണ്. യാതൊരു കാരണവും കൂടാതെ അനേകം സ്ഥലത്തുനിന്നും കുടികിടപ്പുകാരെ നിർദ്ദയമായി ഇറക്കിവിടുന്നുവെന്നും അതിലേയ്ക്ക് എത്രയും വേഗത്തിൽ ഒരു നിയമമുണ്ടാക്കണമെന്നും എല്ലാ ഭാഗത്തുനിന്നും ഗവണ്മെന്റിനെ അറിയിച്ചുകൊണ്ടിരിക്കയാണ്. അതനുസരിച്ചും കാൺഗ്രസ് പ്രകടനപത്രികയിലെ വിവരങ്ങൾ സ്മരിച്ചുമാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ സഭയുടെ പൂർണ്ണാലോചനയ്ക്കായി ഞാൻ ഈ ബിൽ അവതരിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. N. KUNJURAMAN : ഞാൻ പിൻതാങ്ങുന്നു.

MR. P. C. ADICHAN (*Kunnatur II—Kuravu*) : സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിന്റെ തത്വത്തോട് അനുകൂലിച്ചുകൊണ്ട് ചില കാര്യങ്ങൾ പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും ഭൂമിയില്ലാതെ മറ്റു സ്ഥലങ്ങളിൽ അടകൂടിക്ക താമസിക്കുന്ന ആളുകളുടെ കഷ്ടപ്പാടുകളെ മനസ്സിലാക്കിയതിന്റെ ഫലമായിട്ടാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നതു് എന്നു മനസ്സിലാക്കാം. എന്നാൽ അടകൂടി നിരോധനബിൽ എന്നാണ് ഇതിനു പേരിട്ടിരിക്കുന്നതു് എങ്കിലും ഞാൻ ഇതിനു് പേർ കൊടുക്കുന്നതു് അടകൂടിക്കാരെ ഇറക്കുന്ന ഒരു ബിൽ എന്നാണു്. ഇതിനുള്ള കാരണം എന്താണെന്നു് ഞാൻ ചൂണ്ടിക്കാണിക്കാം. അടകൂടിക്കാരെ ഏതെങ്കിലും സിവിൽ നിയമമനുസരിച്ചുള്ള ഡിക്രിയിന്മേൽ മാറ്റാമെന്നും ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. സർ, സിവിൽകോർട്ടിലെ ഒരു തീരുമാനമുണ്ടാക്കുന്നതു് എപ്പോഴും നീതിയും ന്യായവും അനുസരിച്ചാണെന്നു് എല്ലാവർക്കും അറിയാം. എന്നാൽ ഈ അടകൂടിക്കാരിൽ എത്രപേർക്കാണു് കേസുകളുടെ പുറകേപോയി കേസുനടത്താനുള്ള കഴിവുള്ളതു്? ഒരാറ അടകൂടിക്കാരനും കോടതിയിൽ കേസുകൊടുത്തു് അതു ശരിയായി നടത്തുവാനുള്ള ശക്തിയില്ല. അതുകൊണ്ടു് ഈ നിരോധനം മൂലം അടകൂടിക്കാരെയെല്ലാം ഇറക്കിവിടാനുള്ള ഒരു സൗകര്യം ലഭിക്കുന്നു. ഇതുസംബന്ധിച്ചു് ധാരാളം കേസുകളും ഉണ്ടാകും. സർ അതുപോലെതന്നെ ഒരു കുടിയിരുപ്പുകാരൻ അയാളുടെ കുടിയിരിപ്പിൽ തുടർച്ചയായി ആറുമാസത്തിലധികം കാലം താമസിക്കാതിരുന്നാൽ ആ വസ്തുവിന്മേലുള്ള അവകാശം ഇല്ലാതെ പോകുമെന്ന മറ്റൊരു സ്ഥലത്തു പറഞ്ഞിട്ടുണ്ടു്. സാധാരണയായി ഒരു അടകൂടിയിലെ ഒരു ഭാര്യയും ഭർത്താവും ഒരു കുട്ടിയും തോട്ടത്തിൽപോയി ആറുമാസം പണിയെടുത്തിട്ടു തിരിച്ചുവരുമ്പോൾ അവൻ ഒന്നുമില്ലെന്നാണു് ഈ ബില്ലുകൊണ്ടു് അനുഭവപ്പെടുന്നതു്. അങ്ങിനെയാഫീസുകളിൽ ആറുമാസം വരെ തുടർച്ചയായി ജോലിചെയ്യുന്ന അടകൂടിക്കാരും ധാരാളമുണ്ടു്. അങ്ങനെയുള്ളവർക്കു ആറുമാസം കഴിയുമ്പോൾ വീടില്ലാതെയാകും. പിന്നെ കേസുകൊടുത്തു് അവകാശം സ്ഥാപിക്കുക എന്നുള്ളതും അവരെക്കൊണ്ടു് സാധ്യവുമല്ല. തമ്പുരാനും അടിയാനും തമ്മിൽ സ്നേഹമായിരിക്കുമ്പോൾ ജോലിചെയ്തു ക്ലേശിവാങ്ങിച്ചു കുഴപ്പംകൂടാതെ കഴിയുന്നു. ഈ പരസ്പര സ്നേഹത്തിലാണു് ഇന്നത്തെ അടകൂടി കിടപ്പു്. ഈ

LIBRARY ARCHIVES Kerala Legislative Assembly

അവസരത്തിൽ പിറ്റേദിവസം രാവിലെ ജോലിക്കുവരണം എന്നു തമ്പുരാൻ പറഞ്ഞിട്ടു എന്തെങ്കിലും കാരണംകൊണ്ടു് അന്നു വന്നില്ലെങ്കിൽ ചിലപ്പോൾ മോഷണക്കേസിൽ പ്രതിയാക്കുക എന്നുള്ളതായിരിക്കും അവന്റെ അനുഭവം. ഇങ്ങനെ നോക്കുമ്പോൾ അടുക്കിമാർക്കു് ധാരാളം വിഷമങ്ങൾ ഉണ്ടാകയും അവൻ താമസിക്കുന്ന വസ്തു ഒഴിപ്പിച്ചു് ഒട്ടക്കപ്പെടുകയും ചെയ്യും. ഗവണ്മെന്റിനു ഒരു ശരിയായ ലാൻഡ് പോളിസി ഉണ്ടെങ്കിൽ ഒരാൾക്കു ശരാശരി ഈ സ്ഥലമെന്നു വ്യവസ്ഥ ചെയ്യാം. കഴിഞ്ഞ സെൻസസ്സു് അനുസരിച്ചു് ഒരാൾക്കു നാലര സെൻറുവീതം ഉണ്ടെന്നാണു് കണക്കു്.

HON'BLE. MR. T. K. NARAYANA PILLAI : ഈ ബില്ലിന്റെ ആവശ്യമില്ലെന്നാണോ ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം.

MR. P. C. ADICHAN : ഇതേ രീതിയിൽ ആണെങ്കിൽ വളരെ ദോഷം ചെയ്യുമെന്നാണു് ഞാൻ പറയുന്നതു്. കഴിഞ്ഞ സെൻസസ്സു് പ്രകാരം ഒരാൾക്കു നാലരസെൻറാണു്. അപ്പോൾ നാലോ അഞ്ചോ അംഗങ്ങളുള്ള ഒരു വീട്ടിൽ ഇരുപതോ ഇരുപത്തഞ്ചോ സെൻറു് സ്ഥലം കിട്ടണം. എന്നാൽ ഇവിടെ കുടിയിരിപ്പു് എന്നു പറയുന്നതു് അവൻ താമസിക്കുന്ന വീടുമാത്രമാണു്. തമ്പുരാനുമായി വളരെനാൾ സ്നേഹത്തിൽ കഴിഞ്ഞു് അവന്റെ വിയർപ്പുകൊണ്ടു് സമ്പത്തുണ്ടാക്കികൊടുക്കുന്ന ഒരു കുടിയിരിപ്പുകാരനു് കായ്ക്കും വരുമ്പോൾ കിട്ടുന്നതു് ഒന്നോ രണ്ടോ സെൻറു സ്ഥലം മാത്രമാണു്. തമ്പുരാൻ അടിയനെ സ്നേഹിക്കുന്നതു അടിയാനും തമ്പുരാനുമായുള്ള ബന്ധം നിലനിൽക്കുന്നതുവരെയാണു്. അവർ തമ്മിലുള്ള ബന്ധത്തിനു ശരിയായ ഒരു വ്യവസ്ഥ ചെയ്യാതെ ഇരിക്കുന്നിടത്തോളം കാലം കുടിയിരിപ്പുകാരനു രക്ഷ കിട്ടാൻ പോകുന്നില്ല. ഈ ബിൽ സംബന്ധിച്ചു നടന്ന വാദപ്രതിവാദങ്ങളിൽ ഈ ബില്ലിനെ എതിർത്തു സംസാരിച്ചവരിൽ ചില ബഹുമാനപ്പെട്ട മെമ്പറന്മാർതന്നെ ചോദിക്കുകയുണ്ടായി എന്തിനു കുടിയിരിപ്പുകാരനു വസ്തു കൊടുക്കണമെന്നു്. അതു സമയത്തുതന്നെ ഞാൻ കൊടുക്കാൻ തയാറാണെന്നു മറുചില മെമ്പറന്മാരും പറയുകയുണ്ടായി. ചില സ്ഥലങ്ങളിൽ ഇങ്ങനെ കൊടുത്തിട്ടുള്ളതായും എനിക്കറിയാം.

MR. ABDUL AZIZ : കൊടുക്കരുതെന്നു ഈ ബില്ലിൽ എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. C. ADICHAN : വീട്ടിൽനിന്നു ഇറക്കിവിടുകയില്ലെന്നു മാത്രമേ ഈ ബില്ലിൽ പറയുന്നുള്ളൂ. വല്ല കാരണവശാലും തമ്പുരാന്റെ തെങ്ങൽനിന്നു അവൻ വച്ചതാണല്ലോ എന്നു വിചാരിച്ചു ഒരു തേങ്ങാ പിരിച്ചുപോയാൽ ഉടൻ കേസുണ്ടാകാൻ എളുപ്പമുണ്ട്. ശ്രീ. മന്നത്തു പത്മനാഭപിള്ള അവർകൾ പറഞ്ഞതുപോലെ ഈ ബിൽ തമ്പുരാനും അടിയാനുമായി കൂടുതൽ വിരോധത്തിനു കാരണമാകും, അതുകൊണ്ടു ഒരു ശരിയായ ലാൻഡ് പോളിസി ഉണ്ടാക്കാതെ ഈ ബിൽ ഇതേപടി പാസാക്കിയാൽ പാവപ്പെട്ടവർക്കു സഹായത്തിനു പകരം ഉപദ്രവമായിരിക്കും ഉണ്ടാകുന്നതെന്നാണ് എന്റെ അഭിപ്രായം. ഇതുയും പറഞ്ഞുകൊണ്ട് ഇതിന്റെ തത്വത്തെമാത്രം ഞാൻ അനുകൂലിക്കുന്നു.

MR. P. K. KRISHNAN SASTRI : സർ, ഈ ബില്ലിന്റെ തത്വത്തോട് ഞാൻ അനുകൂലിക്കുന്നു. ജനകീയഗവണ്മെന്റിൽനിന്നു പാവപ്പെട്ടവർക്ക് രക്ഷ കിട്ടുമെന്ന ഒരു പ്രതീക്ഷ ജനങ്ങളിൽ ഉണ്ട്. ഇന്നു കുടിയിറക്കു നിരോധനബിൽ നിയമസഭയിൽ വന്നിരിക്കുന്നു. അതു് എത്രയും വേഗത്തിൽ നിയമമാകുമെന്നും വിചാരിച്ചു വളരെയാളുകൾ ആഹ്ലാദിക്കുന്നുമുണ്ട് എന്നുള്ളതു് തർക്കമറ്റ സംഗതിയാണ്. ഈ ബില്ലു് ഈ രീതിയിൽ പാസായാൽ പാവപ്പെട്ടവനു് ഒരു രക്ഷയും കിട്ടാൻ പോകുന്നില്ല. കുടിയിറക്കുനിരോധനബില്ലെന്നാണല്ലോ ഇതിന്റെ പേരു്. ഈ ബില്ലിന്റെ ഏഴാംവകുപ്പു് ഇരിക്കുന്നിടത്തോളം കാലം അതു് മുതലാളിയെയും ജന്മിയേയും സഹായിക്കുന്നതിനു മാത്രമാണെന്നു വ്യക്തമാണു്. കുടിയിറക്കു ഒരു സിവിൽകോടതിയുടെ ഉത്തരവനുസരിച്ചായിരിക്കുമെന്നല്ലാതെ മറ്റൊരു വ്യത്യാസവുമില്ല. ഈ വകുപ്പു് ഇതിൽ ഇരിക്കുന്നിടത്തോളംകാലം ഒരു ജന്മിക്കോ ഒരു മുതലാളിക്കോ ഒരു സിവിൽകോടതിയെ അഭയം പ്രാപിക്കാം. എന്റെ സ്നേഹിതൻ പറഞ്ഞതുപോലെ നിസ്സാരങ്ങളായ കാരണങ്ങൾകൊണ്ടു് ഒരാളെ കുടിയിറക്കാൻ ധാരാളം സാധ്യതകൾ ഈ ബില്ലു മൂലം ലഭിക്കുന്നു. കുടിയിറക്കുവാൻ ജന്മിയേയും മുതലാളിയേയും സഹായിക്കാനായി കൊണ്ടുവന്നിട്ടുള്ള ഒരു നിയമമാണ് ഇതു്.

MR. K. RAMAKRISHNA PILLAI : സിവിൽകോടതിയുടെ ഡിക്രി ക്കൂടാതെ കുടിയിറക്കാൻ പാടില്ലെന്നു ഇതിൽ പറഞ്ഞിട്ടില്ലേ?

MR. P. K. KRISHNAN SASTRI : കുടിക്കിലേക്കുള്ള ഒരു ഡിക്രി നടത്തുമ്പോഴല്ലാതെ ഒരു കുടികിടപ്പുകാരനെ അയാളുടെ കുടിയിരിപ്പിൽനിന്നു കുടിയിറക്കാൻ പാടില്ലെന്നു ഒരു വ്യവസ്ഥയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. G. CHANDRASEKHARA PILLAI : ഡിക്രി എന്നു പറഞ്ഞാൽ അതു സിവിൽകോർട്ടിലുള്ളതാണെന്നറിയാമോ?

MR. P. K. KRISHNAN SASTRI : എ ബി. സി. ഈ മൂന്നുവകുപ്പുകളിൽ പറയുന്നതു് ഇപ്രകാരമാണു്.

(എ) അയാൾ കൈവശവസ്തുവിൽ മനഃപൂർവ്വമായും ഉദ്ദേശത്തോടുകൂടിയും നാശകരമായ പ്രവർത്തികൾ ചെയ്തിരിക്കുക.

(ബി) കൈവശവസ്തുവിലെ ഉൽപ്പന്നത്തിൽ വല്ല ഭാഗവും അയാൾ ന്യായരഹിതമായി ഉപയോഗപ്പെടുത്തിയിരിക്കുക.

(സി) തനിക്കോ തന്റെ കുടുംബത്തിലോ തറവാട്ടിലോ ഉള്ള വല്ല അംഗത്തിനുമോ കെട്ടിടം കെട്ടുന്നതിലേക്കു ഉത്തമവിശ്വാസപൂർവ്വം ഉടമസ്ഥൻ വസ്തു ആവശ്യപ്പെടുകയും ആ ഭാഗം അപ്രകാരം പണിയേണ്ടതായ കെട്ടിടത്തിന്റെ സുകരമായ ഇരിപ്പിനു ആവശ്യമായിരിക്കുകയും ചെയ്യുക.

HON'BLE MR. T. K. NARAYANA PILLAI : പത്താംവകുപ്പുകൂടി മെമ്പർ വായിച്ചാൽ കൊള്ളാം.

MR. P. K. KRISHNAN SASTRI : പ്രത്യേക നിയമമോ വിളംബരമോ ഒന്നുംതന്നെ ഇല്ലാതിരിക്കുന്ന ഇക്കാലത്തുതന്നെ കുടിയിറക്കുന്നതിനു വേണ്ടി നാട്ടിൻപുറങ്ങളിൽ ചെയ്യുന്ന കുതന്ത്രങ്ങൾ എല്ലാ ബഹുമാനപ്പെട്ട മെമ്പറന്മാർക്കും അറിവുള്ളതാണു്. കുടിയിറക്കു സംബന്ധമായി ഇതുപോലെയുള്ള ഒരു നിയമം ഇല്ലാതെതന്നെ കുടികിടപ്പുകാരന്റെ പേരിൽ വ്യാജമായി ക്രിമിനൽകേസുണ്ടാക്കി പോലീസ് സഹായത്തോടുകൂടി കുടിയിറക്കുന്ന സംഭവങ്ങൾ ധാരാളം നടക്കുന്നുണ്ടു്. അതിനു കൂടുതൽ സഹായകരമായി മാത്രമേ ഈ നിയമം ഇരിക്കുകയുള്ളൂ.

MR. K. RAMAKRISHNA PILLAI : അതിനെ നിരോധിക്കാനാണു് ഈ ബില്ലെന്നറിയാമോ?

MR. P. K. KRISHNAN SASTRI : ഈ ബില്ലു് കുടികിടപ്പുകാർക്കായ പട്ടിണിപ്പാവങ്ങൾക്കു് സഹായകമായിത്തീരണമെന്നുള്ള കാരണങ്ങളാണു് ഞാൻ പറയുന്നതു്. ബില്ലിലെ പല വ്യവസ്ഥകളും കുടികിടപ്പുകാക്കു തികച്ചും ദോഷകരമാണു്.

HON'BLE MR. T. K. NARAYANA PILLAI : കുടികിടപ്പുകാരനും ചില ഭൂമതലക്കാരെല്ലാം ഉണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കു് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. K. KRISHNAN SASTRI : ഇതിനും അതിനുമായി ബന്ധമില്ല. ഇതിൽ ഏഴാംവകുപ്പ് എടുത്തുകളഞ്ഞില്ലെങ്കിൽ ഒരു പ്രയോജനവും പാവപ്പെട്ടവനു ഉണ്ടാകയില്ല. ഈ ഏഴാംവകുപ്പ് ഒരു ഡിഗ്രി സമ്പാദിക്കുവാനുള്ളതാണ്. കൈവശവസ്തുവിലെ ഉല്പന്നത്തിൽ വല്ല ഭോഗവും ന്യായരഹിതമായി എടുത്തുവെന്നുള്ള ആ ക്ലാസുതന്നെ നോക്കുക. ഒരു പക്ഷേ വളരെക്കാലമായി അവൻ താമസിക്കുന്ന വസ്തുവിൽനിന്നും അവൻ വച്ചുപിടിപ്പിച്ച ഭോഹണ്ഡങ്ങളിൽനിന്നും എന്തെങ്കിലും ഒന്ന് എടുത്തുപോയാൽ ആ ഒരു ഒറ്റ കാരണംകൊണ്ട് അവിടെനിന്നു അവനെ പറഞ്ഞയയ്ക്കാൻ സാധിക്കും. സി. വകുപ്പിൽ പറഞ്ഞിരിക്കുന്നതു് വസ്തുവിന്റെ ഉടമസ്ഥനോ ഭോഗ്യനോ അല്ലെങ്കിൽ തേങ്ങ, കട്ടികാര, കുട്ടികളുടെ കുട്ടികാര, ഇതിൽ ആരെങ്കിലും അവർക്കു വീടുകെട്ടുന്നതിലേക്ക് സ്ഥലം ഒഴിഞ്ഞുകൊടുക്കണമെന്നാവശ്യപ്പെട്ടാൽ സ്ഥലം ഉടൻ ഒഴിഞ്ഞുകൊടുക്കണം. ഒരു വസ്തുവിൽ താമസിക്കുന്ന കുടികിടപ്പുകാരനെ ഇറക്കിവിടണമെന്നു തോന്നുന്നനിമിഷത്തിൽ ജന്മിക്കോ ജന്മിയുടെ ആക്കെങ്കിലുമോ ഒരു വീടു കെട്ടണമെന്നു തോന്നാവുന്നതുതന്നെയാണ്. ഈ ഏഴാംവകുപ്പ് ഇരിക്കുന്നിടത്തോളം ഈ ബില്ലിനു കുടിയിറക്കുനിരോധനബില്ലെന്നു പറയാൻ നിവർത്തിയില്ല.

HON'BLE MR. A. J. JOHN : ഈ ബിൽ പിൻവലിക്കണമെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്.

MR. P. K. KRISHNAN SASTRI : ഈ ബില്ലു് പാവപ്പെട്ട കുടികിടപ്പുകാക്കു് നീതി ലഭിക്കത്തക്കവണ്ണം ഭേദഗതികൾ ചെയ്യണമെന്നാണ്. അപ്പാത്തിടത്തോളംകാലം ബില്ലുകൊണ്ടുദ്ദേശിക്കുന്ന പ്രയോജനം സാധുജനങ്ങൾക്കുണ്ടാകാനിടയില്ലാ എന്നതന്നെയാണ് എന്റെ വിശ്വാസം.

MR. PRESIDENT : ആ കാര്യങ്ങളെല്ലാം ജനറൽ ഡിസ്കഷൻ സമയത്തു പറയാം.

MR. P. K. KRISHNAN SASTRI : ഇതിലെ പ്രധാനപ്പെട്ട ചില പോരായ്മകളെ ചൂണ്ടിക്കാണിക്കാമെന്നു മാത്രമേ ഞാൻ വിചാരിക്കുന്നുള്ളൂ.

MR. K. A. GANGADHARA MENON : ഈ ബിൽ വേഗം പാസ്സാക്കണ്ടായെന്നാണോ അഭിപ്രായം.

MR. P. K. KRISHNAN SASTRI : ആവശ്യമായ ഭേദഗതികളോടുകൂടി എത്രയും വേഗം പാസ്സാക്കണം എന്നതന്നെയാണ് എന്റെ അഭിപ്രായം.

MR. P. S. MUHAMMED : ഈ ഏഴാംവകുപ്പു എടുത്തുകളഞ്ഞാൽ അവിടെ താമസിക്കുന്ന കുടികിടപ്പുകാരൻ ആ ഭൂമിയിൽ അക്രമം പ്രവർത്തിച്ചാൽ ആ ജന്മിക്ക് ഒരു പരിഹാരമാർഗ്ഗം വേണ്ടേ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. K. KRISHNAN SASTRI : അതിനു പിന്നീട് ഞാൻ സമാധാനം പറയാം.

MR. T. M. VARGHESE : ഇതൊരു തെറ്റിദ്ധാരണയുടെ ഫലമാണെന്നു എനിക്കു തോന്നുന്നു. ഏഴാം വകുപ്പ് എടുത്തുകളഞ്ഞാൽ കുഴപ്പമാണ്. ഇതിനുമുമ്പു ബലം പ്രയോഗിച്ച് പോലീസ് സഹായത്തോടുകൂടി കുടിയിറക്കുമായിരുന്ന ഇതൊന്നും മേലാൽ പാടില്ലെന്നാണ് അതിൽ പറഞ്ഞിരിക്കുന്നതു്. സ്വാധീനമുള്ള ഒരാൾ അക്രമപരമായി ഇനി കുടിയിറക്കരുതെന്നു കേസുകൊടുത്തു് അനുകൂലമായ ഭാഗം തെളിയിച്ചു ഒരു ഡിക്രി സമ്പാദിച്ചാൽ അല്ലാതെ ഒരു കുടികിടപ്പുകാരനെയും മേലാൽ ഒഴിപ്പിക്കാൻ പാടുകയാകരുതെന്നാണ്, ഏഴാംവകുപ്പ്. അതു് എടുത്തുകളയണമെന്നു പറയുന്നതു് തെറ്റിദ്ധാരണ കൊണ്ടാണെന്നു തോന്നുന്നു. കോടതിയിലെ ഡിക്രി സമ്പാദിച്ച മാത്രമേ കുടിയിറക്കാൻ പാടുള്ളുവെന്നാണു ഇതിൽ പറഞ്ഞിട്ടുള്ളതു്.

MR. P. K. KRISHNAN SASTRI : മലയാളത്തിലുള്ള ഒരു ബില്ലാണ് ഞാൻ വായിച്ചതു്. അതിൽ പറഞ്ഞിരിക്കുന്നതു് കൈവശവസ്തുവിൽ നാശകരങ്ങളായ പ്രവർത്തികൾ ചെയ്യുക, ഉത്പന്നത്തിൽ വല്ല ഭാഗവും എടുക്കുക, വസ്തുഉടമസ്ഥനു കെട്ടിടം കെട്ടണമെന്നു തോന്നുക, ഇതിൽ എന്തെങ്കിലും കാരണങ്ങൾ പറഞ്ഞു് ഒരു ഡിക്രി സമ്പാദിച്ചു കുടിയിറക്കാൻ മുതിരുന്ന സമയംകൊണ്ടു സാധിക്കും.

MR. P. T. CHACKO : കോടതിയിലെ ഡിക്രി കൂടാതെ പാടില്ലെന്നു പറഞ്ഞിട്ടില്ലേ?

MR. P. K. KRISHNAN SASTRI : ജന്മിക്കു ഡിക്രി സമ്പാദിക്കുവാൻ വിഷമമില്ല.

MR. T. K. NARAYANA PILLAI : ഒരു മലയാളം കാപ്പി എന്റെ കൈവശമുണ്ടു്. അതു ഞാൻ വായിക്കാം.

"താഴെ പറയുന്ന വല്ല കാരണത്തിന്മേലും തനിക്കെതിരായി പോസാകാവുന്ന കുടിയിറക്കിലേക്കുള്ള ഒരു ഡിക്രി നടത്തുമ്പോഴല്ലാതെ ഒരു കുടികിടപ്പുകാരനെ അയാളുടെ കുടിയിരിപ്പിൽനിന്നും കുടിയിറക്കാൻ പാടില്ല" എന്നാണു് മലയാള തർജ്ജിമ. അതു മനസ്സിലാക്കിയതിലുള്ള വ്യത്യാസം മാത്രമേയുള്ളു.

MR. P. K. KRISHNAN SASTRI : പിന്നോക്കസമുദായക്കാരനായ വാദിയായോ പ്രതിയായോ കേസു നടത്താനോ സാക്ഷി കിട്ടാനോ അനുകൂലമായ ഒരു ഡിക്രി സമ്പാദിക്കാനോ സാധ്യമല്ല. അവന്റെ ഇതുവരെയുള്ള ദാരിദ്ര്യം വെച്ചുകൊണ്ടുനോക്കിയാൽ ഈ വ്യവസ്ഥ ഈ ബില്ലിൽ ഇരിക്കുന്നിടത്തോളംകാലം അവനു ഗുണം ചെയ്യുകയില്ലെന്നും തീർത്തു പറയാം.

LIBRARY ARCHIVES Kerala Legislative Assembly

MR. P. KUNJUKRISHNAN : വസ്തുവിൽ നടത്തുന്ന അക്രമപരമായ പ്രവർത്തനങ്ങളെ തടയാനാണ് ഈ വകുപ്പെന്നു പ്രത്യേകം പറഞ്ഞിട്ടില്ലേ?

MR. P. K. KRISHNAN SASTRI : ഉണ്ടെങ്കിലും അതു പാവപ്പെട്ടവനു പ്രയോജനകരമായിരിക്കുകയില്ല.

MR. P. K. KRISHNAN SASTRI : ഈ വകുപ്പിരുന്നാൽ ചെയ്യുന്നതെല്ലാം കുറേമായിരിക്കും. ഗവണ്മെൻറിനു ശരിയായ ഒരു ലാൻഡ് പോളിസി ഉണ്ടെങ്കിൽ ഈ കുഴപ്പത്തിനു ഒരു പരിഹാരം നേടാം. പ്രകടനപത്രികയിൽ ഭൂമിയില്ലാത്തവനു ഭൂമി കൊടുക്കാമെന്നു പറഞ്ഞിട്ടുണ്ട്. അങ്ങനെ ഒരു വ്യവസ്ഥയുണ്ടാകുന്നതുവരെ ആരെയും ഒരിടത്തുനിന്നും കുടിയിറക്കാൻ പാടില്ലെന്നു ഒരു വ്യവസ്ഥ ചെയ്യണം. സ്റ്റേറ്റ് കോൺഗ്രസ് അധികാരത്തിൽ വരുന്നതിനുമുമ്പു് ഭൂമിയില്ലാത്തവനു ഭൂമി നൽകാമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ട്. അതിനെ നിറവേറുന്നതിനെങ്കിലും ഈ വകുപ്പു് ഈ ബില്ലിൽനിന്നു എടുത്തുകളയണം. അടുത്തതായി എനിക്കു് പറയുവാനുള്ളതു് മുനിസിപ്പാലിറ്റിയുടെയും സിറ്റി കാർപ്പറേഷന്റെയും അതിർത്തിക്കുള്ളിൽ സ്ഥിതിചെയ്യുന്ന വസ്തുക്കളെ ഒഴിവാക്കിയിരിക്കുന്നതിനെ സംബന്ധിച്ചാണ്. ഈ അസംബ്ലിയിൽ തീവ്രമായ വാദപ്രതിവാദം നടന്ന അടിയന്തിരപ്രമേയത്തിലെ കുടിയിറക്കു്, നെയ്യാറിൻകര മുൻസിപ്പൽ ടൗണിൽ നടന്നിട്ടുള്ളതാണ്. മുനിസിപ്പാലിറ്റികളെ ഒഴിവാക്കുന്നതായാൽ ഈ വക കാര്യങ്ങൾ ഇതിൽ ഉൾപ്പെടുകയില്ല. നിശ്ചയമായും മുനിസിപ്പൽ അതിർത്തിയിലുള്ള സ്ഥലങ്ങളും ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്. പന്നാട്ട് തോട്ടങ്ങളെ ഒഴിവാക്കിയിട്ടുണ്ട്, അവിടെ കുടികിടക്കുന്നവരെ ഈ ബില്ലിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നതു ശരിയല്ല. അവിടെയും താമസിക്കുവാനുള്ള സ്വാതന്ത്ര്യം അവനുണ്ടായിരിക്കേണ്ടതാണ്. അതും ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തണം. മറെറാരു സംഗതി എനിക്കു പറയുവാനുള്ളതു് പാവപ്പെട്ട സമുദായക്കാരെ സഹായിക്കുവാനുള്ള ഒരു മനഃസ്ഥിതി ജനകീയഗവണ്മെൻറിനുണ്ടെന്നുള്ളതാണ്. അതുകൊണ്ടു് ഈ സംഗതിയിൽ ഗവണ്മെൻറ് ഒരു മാതൃക ആദ്യമായി കാണിച്ചുകൊടുക്കണം. ഗവണ്മെൻറുവക സ്ഥലങ്ങളിൽ താമസിക്കുന്നവരെ അവിടെനിന്നു ഇറക്കിവിടാതിരിക്കാനുള്ള വ്യവസ്ഥയും ഇതിൽ ചെയ്യണം.

MR. A. K. PATCHU PILLAI (*Peermade—General*): തോട്ടങ്ങളെ ഒഴിവാക്കിയതായി ഈ വകുപ്പിൽ പറയുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. K. KRISHNAN SASTRI : അതിന്റെ ഒടുക്കം ഈ വകുപ്പിൽ പറഞ്ഞിരിക്കുന്നതു "വീടുകൾ, പടിപ്പുര അഥവാ പണ്ടകശാലകൾ എന്നിവയും തോട്ടങ്ങളോ തോട്ടം ചേർന്നുള്ള ഭൂമികളോ ഉൾപ്പെടെയുള്ള സ്ഥലങ്ങൾ" എന്നാണ്.

HON'BLE MR. T. K. NARAYANA PILLAI : അതു് തഞ്ജിമയിൽ വന്നിട്ടുള്ള ഒരു പിശകു മാത്രമാണു്. പുരയിടത്തിനും തോട്ടമെന്ന വാക്കു് ഉപയോഗിക്കാറുണ്ടു്. അല്ലാതെ റബ്ബർ തോട്ടമെന്നതല്ലമില്ല.

MR. P. K. KRISHNAN SASTRI : ഈ ബില്ലിന്റെ പരിധിയിൽനിന്നും മറ്റു ചില സ്ഥലങ്ങൾ കൂടി ഒഴിവാക്കിയിട്ടുണ്ടു്. സർ, തിരുവിതാംകൂർ മഹാരാജാക്കന്മാർ പുരാതനകാലംമുതൽക്കേ സാധുജനങ്ങളുടെ ഉന്നമനത്തിനുവേണ്ടി പലതും പ്രവർത്തിച്ചിട്ടുണ്ടു്. രാജാക്കന്മാരെ അവരുടെ കാണപ്പെട്ട ദൈവമായിട്ടാണു് അവർ കരുതിയിരിക്കുന്നതു്. മഹാരാജാവിന്റെ അധികാരപരിധിയിൽ ഇരിക്കുന്ന വസ്തുക്കളെ കൂടി ഈ ബില്ലിന്റെ പരിധിയിൽനിന്നു ഒഴിവാക്കിയിരിക്കുന്നതു് ശരിയല്ല.

HON'BLE MR. T. K. NARAYANA PILLAI : ഈ സഭക്കു് അധികാരമില്ലാത്ത ഭൂമിയെ സംബന്ധിച്ചു് എന്തെങ്കിലും നിയമം പാസാക്കാൻ സഭയ്ക്കധികാരമുണ്ടോ?

MR. P. K. KRISHNAN SASTRI ; സർ, ദേവസ്വം, ശ്രീപാദം, ശ്രീപണ്ടാരവക മുതലായവയെപ്പറ്റി ചർച്ച ചെയ്യുന്നതിനു ഈ സഭയ്ക്കോ മന്ത്രിസഭയ്ക്കോ അധികാരം ഇല്ലാത്ത കാരണങ്ങളാൽ അവയെപ്പറ്റി ഈ ബില്ലിൽ ചേർക്കേണ്ടതില്ലാ എന്നാണു് എന്റെ അഭിപ്രായം.

MR. K. A. GANGADHARA MENON : അധികാരമില്ലാത്തതിനെ ഒഴിവാക്കണമെന്നു പറയാതിരുന്നാൽ അതുകൂടി ഉൾപ്പെടുമെന്നു ഒരു വ്യാഖ്യാനം ഉണ്ടാകയില്ലേ?

MR. P. K. KRISHNAN SASTRI : ഇപ്പോൾ ദേവസ്വംവസ്തുവിൽ ധാരാളമാളുകൾ താമസിക്കുന്നുണ്ടു്. അവർക്കു ഇതു ബാധകമായിതീരും.

HON'BLE MR. E. K. MADHAVAN : മഹാരാജാവിനോടു് ഒരു വഞ്ചന ചെയ്യണമെന്നാണോ മെമ്പർ പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. K. KRISHNAN SASTRI : രാജാക്കന്മാർ സാധുജനങ്ങൾക്ക് സ്ഥലങ്ങൾ കൊടുക്കാൻ സന്നദ്ധരാണ്. അതുകൊണ്ട് അവരുടെ അധീനതയിലുള്ള വസ്തുക്കളെ സംബന്ധിച്ച് ഈ ബില്ലിൽ ഒന്നും പറയണ്ടാ എന്നാണ് എനിക്കു പറയാനുള്ളത്. അതുകൊണ്ട് ഈ ബില്ലുകൊണ്ട് സാധുജനങ്ങൾക്ക് രക്ഷയുണ്ടാകണമെന്ന ഗവണ്മെൻറ് വിചാരിക്കുന്നെങ്കിൽ എന്റെ ഭേദഗതി അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കുടിയിറക്കുനിരോധന ബിൽ നിയമമാകുമെന്നുള്ളതുകൊണ്ട് ഇപ്പോൾതന്നെ കുടിയിറക്കുകയും പല സ്ഥലങ്ങളിലും ധാരാളമായി നടക്കുന്നുണ്ട്. അതു തടയേണ്ടതു ഗവണ്മെൻറിന്റെ കടമയാണ്. ഈ ബിൽ ഇതേതരത്തിൽ പാസാക്കിയാൽ അതു കുടിയിറക്കിനെ കൂടുതൽ സഹായിക്കുകയായിരിക്കും ചെയ്യുന്നതു്. അതുകൊണ്ട് പാവപ്പെട്ട ജനങ്ങൾക്കു നന്മയുണ്ടാകണമെന്നു വിചാരിക്കുന്നെങ്കിൽ ഇതിൽ ചില ഭേദഗതികൾ വരുത്തണം.

MR. D. GNANASIGAMONY : ஒருவனுக்கு இந்தியாவில் தாமதிக்க இஷ்டமில்லையென்று சொன்னால், அவனை நிர்ப்பந்தமாய் தாமதிப்பிக்க முடியுமா?

MR. P. K. KRISHNAN SASTRI : കുടികിടക്കാൻ ആഗ്രഹിക്കുന്നിടത്തോളം അവനു താമസിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നാണ് എനിക്കു പറയാനുള്ളതു്. സ്റ്റേറുകാൺഗ്രസ് ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ നിറവേറാനുള്ള കടമ ഇന്നത്തെ ഗവണ്മെൻറിനുണ്ട്. അതുകൊണ്ടു എനിക്ക് പ്രധാനമായി പറയാനുള്ളതു് ഭൂമിഉടമയെ സംബന്ധിച്ചിടത്തോളം ഒരു വ്യക്തമായ വ്യവസ്ഥ ഗവണ്മെൻറുണ്ടാക്കണമെന്നാണ്. അങ്ങനെ ഭൂമിഉടമയെ സംബന്ധിച്ച് ഒരു വ്യവസ്ഥ ഉണ്ടാകുന്നകാലംവരെ കുടികിടക്കുന്നവരെ ഇറക്കിവിടാതിരിക്കാൻള്ള ഒരു വ്യവസ്ഥയാണ് നാം അംഗീകരിക്കേണ്ടതു്. അതിനു അനുയോജ്യമായ ഭേദഗതിയോടുകൂടി ഈ ബിൽ എത്രയുംവേഗം പാസാക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

MR. P. CHACKO : സർ, ഈ ബില്ലിന്റെ തത്വത്തോടു ഞാൻ യോജിക്കുന്നു. വളരെ അധികം നാളായി പ്രതീക്ഷിച്ചുകൊണ്ടിരുന്ന ഒരു ബില്ലാണിതു്. കർഷകതൊഴിലാളികളും ഈ നാട്ടിലെ അതിമന്ദവാസികളും ആയ പിന്നോക്കസമുദായക്കാരെ മുതലാളിമാരും വസ്തു ഉടമസ്ഥന്മാരും വളരെ താഴ്ത്തി ഇട്ടിരിക്കുന്ന ഇന്നത്തെ അവസ്ഥയിൽ നിന്നും അവരെ സഹായിക്കാനായി ഇപ്പോഴെങ്കിലും ഗവണ്മെൻറു് ഒരു

LIBRARY ARCHIVES Kerala Legislative Assembly

ബില്ലുകൊണ്ടുവരുന്നതിനായി മുന്നോട്ടുവന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഈ സഭയിലെ ഭൂരിപക്ഷം അംഗങ്ങളും ഉൾകൊള്ളുന്ന തിരുവിതാംകൂർ സ്റ്റേറ്റ് കാൺഗ്രസ്, തെരഞ്ഞെടുപ്പുകാലത്തു് പുറപ്പെടുവിച്ചിട്ടുള്ള പ്രകടനപത്രികയിൽ പറഞ്ഞിരുന്നതായ വാഗ്ദത്തങ്ങളിൽ ചിലതു് ഈ പത്തുമാസം കഴിഞ്ഞ അവസരത്തിലെങ്കിലും നടപ്പിൽ വരുത്തുന്നതിനു ശ്രമിച്ചു കാണുന്നതിൽ ഞാൻ ഗവണ്മെൻറിനെ അനുമോദിച്ചുകൊള്ളുന്നു.

എന്റെ മാന്യസ്നേഹിതന്മാരായ ശ്രീമാൻ ആട്ടിച്ചനും, ശ്രീമാൻ കൃഷ്ണൻശാസ്ത്രിയും ഈ ബില്ലിലെ ചില വകുപ്പുകൾ മിക്കവാറും തെറ്റിദ്ധാരണയോടുകൂടി ഇവിടെ ഉന്നയിച്ചതായി ഞാൻ കാണുന്നു.

MR. P. K. KRISHNAN SASTRI : അങ്ങിനെ അല്ലെന്നാണോ പറയുന്നതു്.

MR. P. CHACKO : ഏഴാമതു വകുപ്പു് വളരെ ഉപദ്രവകരമാണെന്നു പറഞ്ഞു. ഏഴാം വകുപ്പു് അതു പരിപൂർണ്ണമായി നീക്കം ചെയ്യുക എന്നുള്ളതു് ഇതുപോലുള്ള ഒരു ബില്ലിൽ സാധ്യമല്ലാത്തതാണു്. കൂടാതെ ഏഴാമതു നിബന്ധനയ്ക്കു് വിധേയമായി വല്ല ഉപദ്രവവും കുടിയിരിപ്പുകാരനു വരികയാണെങ്കിൽ തന്നെ, അതു് വസ്തു ഉടമസ്ഥന്മാരെ സംബന്ധിച്ചിടത്തോളം, അവരേയും ബാധിക്കത്തക്കവണ്ണംഉള്ള നിബന്ധനകൾ പത്താമതു വകുപ്പിൽ ഉണ്ടെന്നു കാണാൻ കഴിയും. ഏതെങ്കിലും ഒരു കോർട്ടിൽനിന്നു് കുടിയിരിപ്പുവസ്തു ഒഴിപ്പിക്കുന്നതിനു ഉത്തരവു കൊടുക്കുകയാണെങ്കിൽ കോടതിയുടെ പ്രത്യേക അധികാരം ഉപയോഗിച്ചു് ആ വസ്തുവിലോ അതിന്റെ അടുത്ത ഒരു സ്ഥലത്തോ അപേക്ഷകന്റെ ചെലവിൽ ഒരു കുടിയിരിപ്പുസ്ഥാനം ഉറപ്പിച്ചുകൊടുക്കുന്നതിനു അതു ജന്മിയെ അറിയിക്കാൻ കോടതിക്കു പരിപൂർണ്ണമായ അധികാരംഉണ്ടു് അതുകൊണ്ടു് ഏഴാമതു വകുപ്പു് അനുസരിച്ചു് കുടിയിരിപ്പുകാരനു് ദോഷം ഉണ്ടാകുമെന്നു് ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നില്ല. എന്നിരുന്നാൽതന്നെയും പ്രസ്തുത വകുപ്പിൽ ചില ഭേദഗതികൾ വരുത്തേണ്ടതായിട്ടുണ്ടു്. അതു് ഭേദഗതികൾമൂലം അവതരിപ്പിക്കാമെന്നുദ്ദേശിക്കുന്നു.

മൂന്നാം വകുപ്പിനെ സംബന്ധിച്ചു് ചില സ്ഥലങ്ങൾ ഈ ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല എന്നു് ഇവിടെ ചൂണ്ടിക്കാണിച്ചു. ഈ ബില്ലിന്റെ അധികാരപരിധിയിൽനിന്നു ഇത്ര അധികം സ്ഥലങ്ങൾ ഒഴിച്ചിടണമെന്നു കാണുന്നതു് അത്ര ശരിയല്ലെന്നാണു് എനിക്കു

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Chacko].

തോന്നുന്നത്. മൂന്നാംവകുപ്പ് 'ജി'-യിൽ തിരുവനന്തപുരം സിറ്റിയോ, മുനിസിപ്പാലിറ്റികളോ ആക്റ്റിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുള്ളതായി കാണുന്നു. തിരുവനന്തപുരം സിറ്റിയുടെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്നതായ വസ്തുക്കളും കെട്ടിടങ്ങളും ഒഴിച്ചിടണമെന്നു പറയുന്നതിൽ വേണ്ടത്ര ന്യായമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. തിരുവനന്തപുരം സിറ്റിയുടെ എല്ലാ ഭാഗങ്ങളും ജനനിബിഡം ആയിരിക്കുന്നു എന്നു വിചാരിക്കുന്നതു ശരിയല്ല. അതു പോലെ തിരുവിതാംകൂറിലുള്ള മുനിസിപ്പൽ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന വസ്തുക്കളേയും ഈ ബില്ലിന്റെ പരിധിയിൽ കൊള്ളിച്ചിട്ടില്ലയെന്നതു ന്യായീകരിക്കാവുന്നതല്ല. ചില മുനിസിപ്പാലിറ്റികൾ, ഗ്രാമപ്രദേശങ്ങൾകൂടി മുനിസിപ്പൽ അതിർത്തിയിൽ കൊള്ളിച്ചിട്ടുണ്ട്. അങ്ങനെയുള്ള മുനിസിപ്പാലിറ്റികളുടെ അതിർത്തിക്കകത്തുള്ള താമസക്കാരെ ഈ ബില്ലിന്റെ പരിധിയിൽ ഉൾക്കൊള്ളിക്കാതിരിക്കുന്നതു വളരെ സങ്കടകരമാണ്. അതുകൊണ്ട് ഈ മൂന്നാം വകുപ്പിൽ "എ" "ജി" എന്നിവകുപ്പുകൾ എടുത്തു കളയണമെന്നു ഞാനും അഭിപ്രായപ്പെടുന്നു. അതിനും പുറമേ ബില്ലിന്റെ പതിനൊന്നാംവകുപ്പ് രണ്ടാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്നതു് ആറു മാസത്തിനകം ഒരു കുടിയിരുപ്പുകാരൻ അയാൾ താമസിക്കുന്ന പ്രദേശത്തിലെ പ്രവർത്തകാരെകണ്ട് പേരു് രജിസ്റ്റർ ചെയ്യിക്കണമെന്നും അപ്രകാരം ചെയ്യാതെയിരുന്നാൽ ഈ ആക്റ്റിൻപ്രകാരമുള്ള അവകാശങ്ങൾ ഇല്ലാതാകുന്നതുമാണെന്നാകുന്നു. ഈ ആറുമാസത്തിനകം അയാൾക്കു് അതു് സാധിക്കുന്നില്ലെങ്കിൽ ആ കാരണത്താൽ ആ കുടികിടപ്പുകാരനെ ഒഴിക്കാമെന്നാണ് അതിൽ പറഞ്ഞിരിക്കുന്നതു. സാധാരണയായി പാവപ്പെട്ടവർ പത്രങ്ങളും മറ്റും വായിക്കുക പതിവില്ല. ഗവണ്മെൻറു് നോട്ടിഫിക്കേഷനും മറ്റും കണ്ടുപിടിക്കുന്നതിനു് അവർക്കു് സാധിക്കുകയും ഇല്ല. അങ്ങനെയിരിക്കെ വസ്തു ഉടമസ്ഥനും പ്രവർത്തകാരുംകൂടി യോജിച്ചു് ഈ പാവപ്പെട്ട കുടികിടപ്പുകാരെ ദ്രോഹിക്കാൻ സാധിക്കും. ഈ സഭയിൽ തന്നെ, പ്രവർത്തകാരന്മാരുടെ പേരിൽ പല പരാതികളും പല മെംബറന്മാരും ഉന്നയിക്കുകയുണ്ടായിട്ടുള്ളതു് സ്മരണീയമാണു്. അതുകൊണ്ടു് ആ വകുപ്പുകൂടി ഒന്നു ഭേദപ്പെടുത്തണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഏതായാലും ഈ ബിൽ ഒരു സെലക്ട് കമ്മിറ്റിക്കയച്ചു വെറുംപാട്ടാ ബില്ലിനോടൊപ്പംതന്നെ കുടിയിറക്ക് നിരോധനബില്ലും രണ്ടു ദിവസംകൊണ്ടു് പാസാക്കണം. ഈ സഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

സാധുക്കളോട് അനുകമ്പയുള്ളവരും അനുകമ്പയുണ്ടെന്നു ഭാവിക്കുന്നവരും ഈ ബില്ല് രണ്ടു ദിവസത്തിനകം പാസാക്കി എത്രയും വേഗം ഒരു നിയമമാക്കി ഈ നാട്ടിലെ സാധുക്കളായ ആളുകൾക്ക് താമസിക്കുന്നതിന് സൗകര്യം ഉണ്ടാക്കിക്കൊടുക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്തുകൊള്ളുന്നു.

MR. P. S. MUHAMMED : സർ, ഈ ബില്ലിന്റെ തത്വത്തെ അനുകൂലിക്കുന്നതിനാണ് ഞാൻ എഴുനേറ്റത്. എന്റെ ചില സ്നേഹിതന്മാർ—പിന്നോക്കസമുദായത്തിൽപ്പെട്ട ചില സ്നേഹിതന്മാർ—ഈ ബില്ലുകൊണ്ട് അവർ ഉദ്ദേശിക്കുന്ന പ്രയോജനം ഇല്ലെന്നും നേരെമറിച്ച് അവർക്ക് ഉപദ്രവം ഉള്ളതാണെന്നും ഇവിടെ പറയുകയുണ്ടായി. അവർ ഉദ്ദേശിക്കുന്ന പ്രകാരം ഭൂമിയുടെ ഒരു ചെറിയ ഭാഗം പൂർണ്ണസ്വാതന്ത്ര്യമായി അനുഭവിക്കത്തക്കവണ്ണം ഒരു നില ഈ ബില്ലിൽനിന്നും ഉണ്ടായിട്ടില്ല എന്നുള്ളതു ശരിയാണ്. എന്നാൽ ഇതു് ഉണ്ടാകുന്നതുവരേയും അവർക്ക് ശാശ്വതമായി അനുഭവിക്കത്തക്ക നിലയിൽ കുടികിടപ്പുകാർക്ക് എപ്പോഴും അവരുടെ ഭൂമിയിൽ താമസിക്കുന്നതിന് യാതൊരു വിഷമവും ഇല്ലാത്ത തരത്തിൽ ഉള്ള എല്ലാ വ്യവസ്ഥകളും ഈ ബില്ലിൽ കൊണ്ടുവന്നിട്ടുണ്ട്. ജന്മിമാർക്ക് അവരെ ഇറക്കിവിടാൻ പാടില്ല. അതുപോലെ കുടികിടപ്പുകാർക്കും അവരുടെ നിലവിട്ട് പ്രവർത്തിക്കാൻ പാടില്ലാത്ത തരത്തിലുള്ള ചില നിബന്ധനകളും ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. അങ്ങിനെ രണ്ടുകൂട്ടർക്കും കുറെ മുമതല ഈ ബില്ലിൽ കാണിച്ചിട്ടുണ്ട്. പിന്നീട് ഉടമസ്ഥന്മാർക്കു കൂടിയിരിക്കാൻ അവകാശമില്ല എന്നു് ഇതിൽ സ്പഷ്ടമായുണ്ടായിരുന്ന വ്യവസ്ഥയെ ഇല്ലാതാക്കി. എന്നാൽ അതുകൊണ്ടു് കുടികിടപ്പുകാരനു് ഇറങ്ങിപ്പോകണമെന്നില്ല. അവനു് അവിടത്തന്നെ അടുത്തു് ഒരു സ്ഥലത്തു് പാർക്കുന്നതിനു് ഒരു സ്ഥലമുണ്ടാക്കിക്കൊടുക്കണം. അങ്ങിനെയുള്ള ചില വ്യവസ്ഥകളാണു് ഈ ബില്ലിൽ കൊള്ളിച്ചിരിക്കുന്നതു്, ചില കുടുംബങ്ങൾക്ക് അത്യന്താപേക്ഷിതമായ കാരണങ്ങളാൽ ചില സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി കുടിക്കാരെ മാറേണ്ടതായി വന്നാൽ അവരുടെ ചെലവിൽതന്നെ അടുത്തൊരു സ്ഥലത്തു് എവിടെയെങ്കിലും ഒരു പാർപ്പിടം ഉണ്ടാക്കുന്നതിനു് നിർദ്ദേശം കൊടുക്കുന്നതിനും കോടതിക്കു് തന്നെ വേണ്ടതുചെയ്യുന്നതിനും വ്യവസ്ഥയുള്ളതാകുന്നു. ഇങ്ങനെ നോക്കുകയാണെങ്കിൽ രണ്ടുകക്ഷികൾക്കും അതായതു് ജന്മിക്കും കുടിയാനും നീതിയോടുകൂടി പ്രവർത്തിക്കത്തക്ക നിലയിലുള്ള വ്യവസ്ഥകളാണു് ഈ ബില്ലിൽ ഉൾക്കൊണ്ടിരിക്കുന്നതു്. ചില സാഹചര്യങ്ങളാൽ ഇങ്ങ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Muhammed.]

ക്കുട്ടരേയും ഒരുപോലെ തൃപ്തിപ്പെടുത്താൻ സാധിച്ചില്ലാ എന്നു വന്നാൽ തന്നെയും അതിലേയ്ക്ക് ഇരുകൂട്ടർക്കും സംഭവിക്കാവുന്ന കഷ്ടനഷ്ടങ്ങളേറും ചെറും തുല്യമായിരിക്കും. സാമാന്യജനങ്ങളുടെ നന്മയെ ലാക്കാക്കിയാണ് ഈ ബില്ല് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഇതിലേക്ക് ഒരു കമ്മിറ്റിയെ ഏർപ്പെടുത്തിയിട്ടുണ്ടെന്നുള്ളതും യോഗ്യതയും കാര്യശേഷിയുമുള്ള അംഗങ്ങളാണ് അതിൽ അടങ്ങിയിട്ടുള്ളതെന്നും നമുക്കറിയാം. ആ സ്ഥിതിക്ക് ഈ ബില്ല് സ്വാഗതം ചെയ്യുന്നതിൽ അഭിപ്രായവ്യത്യാസത്തിനു അവകാശമില്ലതന്നെ. ഒരുകാര്യംകൂടി എനിക്കു പറയാനുണ്ട്. അതായത് അല്പം മുൻപ് ബഹുമാനപ്പെട്ട പ്രധാനമന്ത്രി അവർകൾ ഈ ബില്ലിലെ പത്താം വകുപ്പിനെപ്പറ്റി വായിക്കയുണ്ടായി. അതിൽ എനിക്കൊരു സംശയമുണ്ട്. അതായത് കുടികിടപ്പുകാരന്റെ അഴിമതിയും കയ്യേറവുംകൊണ്ട് ജന്മിക്കു നിവൃത്തിയില്ലാത്ത ഒരവസ്ഥ ഉണ്ടാകയും തൻനിമിത്തം അവനെ ഇറക്കിവിടേണ്ടി വന്നാൽ പത്താം വകുപ്പനുസരിച്ച് അവന് വീടുവച്ചുകൊടുക്കണമെന്നുള്ള വ്യവസ്ഥ എങ്ങനെ നീതീകരിക്കാം എന്നു് എനിക്കു മനസ്സിലാകുന്നില്ല. വേണ്ടി വന്നാൽ ആ ഭാഗത്തെപ്പറ്റിമാത്രം ഒരു ഭേദഗതി ബില്ലിൽ വരുത്തണമെന്നപേക്ഷിച്ചുകൊണ്ട് ബില്ലിനെ അനുകൂലിക്കുന്നു.

MR. P. BALAKRISHNAN TAMPI : Sir, I welcome the introduction of this Bill. I do not quite understand why they should have gone in for this term "Kudiyiruppukaran" as if this idea is not covered by any English legal term. As far as I understand it is only a measure enabling a tenant at will to remain in an immovable property setting at naught the law that governs the ownership of the landlord of his land. If it is a question of reclaiming lease, the position is different. Here it is only a question of a man living in another man's land by sufferance. But if it is going to be represented that all landlords are a sort of rapacious animals and these *kudiyiruppukarans* are virtuous angels bullied by these landlords, I will have to say that it is not a fact. As far as my experience goes, it is these tenants who live by sufferance in the property of the pusillanimous landlords who are vaxatious and bullying. I have barely come across a landlord who is so unfeeling to use force for getting rid of his tenants. Now, in every case like this there is that moral influence which prevails. People do not view with sympathy any act of eviction by force. Now, this House must be aware that even when a few people are evicted in due course of law, after years of litigation, the public sympathy is such as to demand a further enquiry into this matter of eviction. Well,

LIBRARY ARCHIVES Kerala Legislative Assembly

that is the spirit which prevails in every section of the community in our land. By this, it does mean that we should not try as far as practicable to provide house sites to as a large a number of the homeless as possible. I do not believe that it is possible for this House or any House in the whole of India to find out a means to provide house sites for all the landless of this large country. Now this problem is engaging the attention of the Union Government of India. Unless the Dominion of India follows a policy of assisted emigration to other tropical and sub tropical areas in South Africa or in Africa or in other continents this problem of over population is not going to be solved It is no use tinkering with the problem as has been done here by introducing this kudiyiruppu Bill. Now this problem will recur itself after 10 years. With our prolific population, with our anxiety not to diminish the population of the country and with our facility for adding to the population figures every 10 years, this problem is going to do well-nigh insoluable. That does not mean that we should not do whatever we can. I appeal to this House and through this House to the whole country that the people should not omit to read the signs of the times, the writing on the wall. They have also to realise the fact that a gentleman of exceptional character and a good Christian like Hon'ble Mr. A. J. John has brought forward such an exproprietary measure like this without compunction means that the landlord who omits to read the signs of the time does so at his risk. As far as I have understood the Government's mind in the matter, the intention behind this measure is that when things may come well-nigh to a situation.

HON'BLE MR T. K. NARAYANA PILLAI: Hear, Hear.

MR. P. BALAKRISHNAN TAMFI : Although it is a serious infringement on the rights of property and law of contract with the parties, we must be guided more by expediency, more by concern for the common-weal than by technicalities and niceties of legal opinion in this matter. It is because of all these things that I welcome the introduction of this Bill.

I do not-advisedly refer to the clauses of the Bill. I think Hon'ble Mr. John might have used his prerogative and mixed up two provisions or questions. When the Bill goes to the Select Committee, I am sure, that the Committee would go into those questions.

Again, may I request, Sir, that this law also should not be rushed through. I do not want to score a debating point with the doughty gentlemen who occupy the Treasury Benches. I believe it is my duty to bring to the attention of this House, that unless you feel that the skies will fall down, unless you feel that the normal administration will break down, you ought not to relax the rules of procedure which embody actually the wisdom of Parliamentary Government not only here but in all countries whose legislative measures are undertaken by Parliamentary bodies. I dont wish to bring to the notice of this House that it would be highly improper if again this matter is rushed through at 3 hours, or 48 hours, or

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Balakrishnan Tampi]

72 hours notice. It was, I think, in Augnst 1914 old men are apt to remember old events—that the first world war was declared. At that time there were many enactments rushed through in secret sessions of the British Parliament. But in this year, I mean in 1949 when members of the democratic classes—I do not wish to call them members of backward classes—certain gentlemen of that group said that this bill is faulty and they find no good in this Bill. This shows that nobody seems to be anxious about it. Speaking about it—I am not contesting the point—the people who raised historical, anthropological, ethnological reasons to assert that they are the earliest settlers of the land—(I refuse to be drawn into the controversy; let each one say for himself. Certainly I for one belong to one of the earliest in this land)—if they also say that this Bill is no good why then should you want to relax the Standing Orders and ask for an early passing of it into enactment. I can understand this sort of procedure in a fascist regime or in a regime where Hitler takes salute in Nazi fashion from his followers dragooned to do or die for him—but in a democratic regime like ours why should there be a hasty demand for a legislation like this, I do not intend any aspersions on the Hon'ble Mover.

MR. KANNARA GOPALA PANICKER: ബഹുമാനപ്പെട്ട മെംബർ മലയാളത്തിൽ സംസാരിച്ചാൽ കൊള്ളാം.

MR. P. BALAKRISHNAN TAMPI: വ്യക്തമായിട്ടുമനസ്സിലാക്കത്തക്കവണ്ണം സംസാരിക്കുന്നതിന് എനിക്ക് മലയാളത്തിനേക്കാൾ ഇംഗ്ലീഷിലാണ് കൂടുതൽ സാധിക്കുന്നത്

I am sorry Sir, that I was interrupted at a point which I was developing. In any case I do not want to flog a person who resisted the execution of a decree or who is guilty of contempt of Court. But if my place is on the Treasury Benches I would not allow sentimental things to weigh with me in dealing with people who hamper the course of justice. With these words I support the introduction of the Bill.

(At this stage the Deputy President occupied the Chair)

MR. VARGHESE AUGUSTIN: സർ, ഞാൻ ഈ ബില്ലിന്റെ തത്വത്തോട് യോജിക്കുകയും ഇതിനെ സ്വാഗതം ചെയ്യുകയും ചെയ്യുന്നു. മി. കൃഷ്ണൻശാസ്ത്രിയും മി. ആദിച്ചനും ഈ ബില്ലിന്റെ പോരായ്മകളെപ്പറ്റി എന്തെല്ലാം പറഞ്ഞാലും ഇങ്ങനെ ഒരു ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നു എന്നുള്ള വാർത്ത പത്രങ്ങളിൽ പ്രസിദ്ധീകരിച്ചു കഴിയുമ്പോൾ തിരുവിതാംകൂറിലെ പിന്നോക്കസമുദായങ്ങളിലെ ആളുകൾക്കും കർഷകതൊഴിലാളികൾക്കും താമസിക്കുന്നതിന് സ്ഥലമില്ലാതെ വിഷമിക്കുന്നതായ ജനവിഭാഗങ്ങൾക്കും വലിയ ആഹ്ലാദകരം, അല്ലെങ്കിൽ ആശ്വാസകരം ആയിരിക്കുമെന്നുള്ളതിന് സംശയമൊന്നുമില്ല. തിരുവിതാംകൂർ സ്റ്റേറ്റുകാൺഗ്രസ്സ് അധികാരത്തിൽ വന്ന അവസര

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ അതിന്റെ പ്രകടനപത്രികയിൽ താമസിക്കുന്നതിന് സ്ഥല മില്ലാത്ത ആളുകൾക്ക് അതിനുള്ള സ്ഥലവും വീടില്ലാത്തവർക്ക് വീടും അതുപോലുള്ള മറ്റു സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കാമെന്നു പറഞ്ഞ പ്പോൾ അതിൽ അത്യധികം സന്തോഷിച്ച സാധുജനങ്ങൾ വളരെയു ണ്ടെങ്കിലും, ചില ആളുകൾക്ക് അതിൽ വളരെ പരിഭ്രാന്തിയുണ്ടായി എന്നുള്ളതിന് യാതൊരു സംശയവുമില്ല. അതിനു കാരണം പിന്നീട് നടന്ന സംഭവങ്ങളാണ്. ആ സംഭവങ്ങൾ എന്തെല്ലാമാണെന്നും അതുകൊണ്ടു പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള വൈഷമ്യങ്ങൾ എന്തെല്ലാ മാണെന്നും ഗവണ്മെന്റു ശരിക്കു മനസ്സിലാക്കിയിട്ടുണ്ട്. ഈ സഭ യിലെ ബഹുമാനപ്പെട്ട മെമ്പറന്മാർക്കും വെളിയിലുള്ള ആളുകൾക്കും അതു് അനുഭവമാകുകയും ചെയ്തു. വളരെനാൾ ഒരു സ്ഥലത്തു് കുടി കെട്ടി താമസിച്ചു വസ്തുവകകൾ നന്നാക്കുന്നതിന് വസ്തു ഉടമസ്ഥന്മാരെ സഹായിച്ചിട്ടുള്ള അനേകം ആളുകളെ യാതൊരു കാരണവും കൂടാതെ, ഗവണ്മെന്റു അവർക്ക് എന്തെങ്കിലും ആനുകൂല്യം ചെയ്യുക്കുമോ എന്നുള്ള സംശയംവച്ചുകൊണ്ടു കുടിക്കേസുകൾകൊടുത്തും യാതൊരു പ്രതിഫലവും കൊടുക്കാതെയും ഇറക്കിവിട്ടിട്ടുള്ളതായി, എനിക്ക് നേരി ട്ടറിയാം. ഈ അടുത്ത ദിവസംവരെ, അതായതു്, ഈ നിയമസഭ കൂടുന്നതിനടുത്ത ദിവസംപോലും എന്റെ നിയോജകമണ്ഡലത്തിലുള്ള പല സാധുജനങ്ങളും എന്റെ അടുത്തുവന്നു ഉപദേശം ആവശ്യപ്പെ ട്ടിട്ടുണ്ട്. യാതൊരു കാരണവും കൂടാതെ തങ്ങളെ ഇറക്കിവിടുവാൻ ജന്മിമാർ ശ്രമിക്കുന്നുവെന്നും അക്കാര്യത്തിൽ തിരുവിതാംകൂർ ഗവണ്മെ ന്റിന്റെ അഭിപ്രായം അല്ലെങ്കിൽ നില എന്താണെന്നു് നിയമസഭ യിലെ അംഗമെന്ന നിലയിൽ ഞാൻ വിശദീകരിക്കണമെന്നും അവർ എന്നോടു് ആവശ്യപ്പെട്ടു. നിങ്ങൾ സമാധാനപ്പെടുക എന്നുമാത്രമാണു് ഞാൻ അവരോടു പറഞ്ഞതു്. രാജ്യത്തിന്റെ നന്മക്കുവേണ്ടി അത്യ ദ്ധ്വാനം ചെയ്തുകൊണ്ടു ദീർഘനാൾ നിരുപദ്രവമായി ഒരേ സ്ഥലത്തു തന്നെ താമസിച്ചിരുന്ന പലയാളുകളേയും നിഷ്ഠുരമായി അവരുടെ പാർപ്പിടങ്ങൾ പൊളിച്ചു് നിരാശ്രയരായി ഇറക്കിവിട്ട കഥകൾ അനവധിയാണു്. ഇതിനൊരു നിവാരണമുണ്ടാക്കേണ്ടതു ഈ രാജ്യത്തെ സ്നേഹിക്കുന്ന എല്ലാ ആളുകളുടേയും കർത്തവ്യമാണു്. അതുകൊണ്ടുമാത്രം തൃപ്തിപ്പെടാവുന്നതുമല്ല. പിന്നീടു് എന്തു നടക്കാൻ പോകുന്നു എന്നു ള്ളതിനെപ്പറ്റി ഇപ്പോൾ പറയുന്നതു ശരിയായിരിക്കുകയില്ല. ഒരു കാര്യംകൂടി ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെടുത്തുവാൻ ഞാൻ ആഗ്ര ഹിക്കുന്നു. എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ചു പറയുക യാണെങ്കിൽ പുറമ്പോക്കുകളിൽ താമസിക്കുന്നവരായി ധാരാളം ആളു കൾ അവിടെയുണ്ടു്. അവർ അങ്ങനെ താമസിക്കുന്നതിനു ചില

LIBRARY ARCHIVES Kerala Legislative Assembly

കാരണങ്ങളുമുണ്ട്. ആ കാര്യം ബഹുമാനപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നും വിചാരിക്കുന്നു. കൃഷിക്കും ഗതാഗതത്തിനും ഉപദ്രവകരമല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്ന നിരവധി കുടുംബങ്ങൾ ഉണ്ട്. ഗവണ്മെൻറു സ്ഥലത്തു താമസിച്ചിരുന്നാൽ അവർക്കുതന്നെ ആ സ്ഥലങ്ങൾ പരിച്ചു കിട്ടുമെന്നുള്ള ഒരു വിശ്വാസവും അവർക്കുണ്ട്. സ്വന്തം സ്ഥലംകൊണ്ടു തൃപ്തിപ്പെടാതെ പല ധനാഢ്യന്മാരും ഭൂസ്വത്തുടമസ്ഥന്മാരും ഇങ്ങനെയുള്ള പുറമ്പോക്കുകളിൽ താമസിക്കുന്ന സാധുക്കളെ ഇറക്കിവിട്ടു അവരുടെ സ്ഥലങ്ങൾ കരസ്ഥമാക്കാൻ നീതിപരവും അനീതിപരവുമായ സകല ശ്രമങ്ങളും നടത്തുന്നുണ്ട്. ഒന്നുകൂടി എനിക്കു പറയാനുണ്ട്. കൃഷിക്കും ഗതാഗതത്തിനും അങ്ങനെയുള്ള സ്ഥലങ്ങൾ പ്രതിബന്ധമാണെങ്കിൽ അതു് ഒഴിപ്പിച്ചെടുക്കുന്നതുകൊണ്ടു കുറവില്ല. എന്നാൽ ഉപദ്രവമൊന്നുമില്ലാത്ത സ്ഥലങ്ങളിൽ സാധുക്കൾ പ്രവേശിച്ചു് ദേഹണ്ഡങ്ങളും മറ്റുംചെയ്തു കുടികെട്ടിത്താമസിക്കുന്നതിനെ തടയരുതെന്നാണു് എനിക്കുള്ള അപേക്ഷ. അനുഭവം വച്ചു് പറയുകയാണെങ്കിൽ, ഈ പുറമ്പോക്കുഭൂമികൾ ആരും കൈവശപ്പെടുത്താതെ സൂക്ഷിക്കാൻ ചുമതലപ്പെട്ട തഹശീൽദാരന്മാരും പാവപ്പെട്ട കാരന്മാരും ആ സ്ഥലങ്ങളിൽ താമസിക്കുന്ന പാവപ്പെട്ട ആളുകളെ ഇറക്കിവിട്ടിട്ടു ധനാഢ്യന്മാർക്കു് കൈവശപ്പെടുത്തി കൊടുക്കാൻ സാധാരണയായി ശ്രമിക്കുന്നുണ്ട്. കാത്തിരപ്പള്ളി താലൂക്കിൽ ചെറുകര പകുതിയിൽ ഇങ്ങനെയൊരു കേസുതന്നെ ഉണ്ടായിട്ടുണ്ട്.

MR. PONNARA G. SREEDHAR : ആറു പുറമ്പോക്കുകളിലും റോഡു പുറമ്പോക്കുകളിലും കുടികെട്ടി താമസിക്കാൻ അനുവദിക്കണമെന്നാണോ പറയുന്നതു്?

MR. VARGHESE AUGUSTIN : കൃഷിക്കും ഗതാഗതത്തിനും ഉപദ്രവമില്ലാത്ത സ്ഥലങ്ങളിൽ കുടികെട്ടി പാർക്കാൻ അനുവദിക്കണമെന്നാണു് എന്റെ അഭിപ്രായം. മേലാൽ അങ്ങനെ അനുവദിച്ചില്ലെങ്കിലും ദീർഘകാലമായി കുടികെട്ടിത്താമസിച്ചു പോരുന്ന ആളുകളെയെങ്കിലും ഇറക്കിവിടാതിരിക്കണമെന്നാണു് ഞാൻ പറയുന്നതു്. ഞാൻ മുൻ പറഞ്ഞ കേസിൽ അന്വേഷണം നടത്തുന്നതിനു് ഗവണ്മെൻറിൽ നിന്നും നിയുക്തനായ ഒരു പാർവത്യകാർ ഈ അടുത്ത ഒരു ദിവസംതന്നെ ആ സ്ഥലത്തുചെന്നു് സ്ഥലം അളക്കുന്ന അവസരത്തിൽ താമസക്കാരെ ഇറക്കിവിടുമെന്നു് ഭീഷണിപ്പെടുത്തിയെന്നുപോലും അവിടത്തെ ഒരു കുടിപാർപ്പുകാരൻ എന്നെ എഴുതി അറിയിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാർ സാധുക്കളെ ഉപദ്രവിക്കാതിരിക്കുന്നതിനുകൂടി ഗവണ്മെൻറു ശ്രദ്ധിക്കുമെന്നു ഞാൻ കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. THARIATHU KUNJITHOMMAN : ഞാൻ ഈ ബില്ലിന്റെ തത്വത്തോട് പൂർണ്ണമായി അനുകൂലിക്കുന്നു. ഈ രാജ്യത്തെ അനവധി ജനങ്ങൾ സ്വന്ത സ്ഥലമില്ലാതെ പരഭൂമിയിൽ കിടന്ന് കഷ്ടപ്പെടുകയും അവരെ അവിടെനിന്ന് ഇറക്കിവിടുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരവസ്ഥ ഈ രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും നാം കണ്ടുകൊണ്ടിരിക്കുന്നു. പക്ഷികൾക്കാണെങ്കിൽ വൃക്ഷകോടരങ്ങളിലും, സർപ്പങ്ങൾക്ക് മാളങ്ങളിലും, ക്രൂരജന്തുക്കൾക്ക് റിസർവ്വ വനങ്ങളുടെ അന്തർഭാഗങ്ങളിലും സ്വച്ഛന്ദമായി ജീവിക്കാം. എന്നാൽ മനുഷ്യജാതിയിൽപ്പെട്ട നമ്മുടെ സഹോദരന്മാർ പട്ടികളെപ്പോലെ കെട്ടിടങ്ങളിൽനിന്നു ഇറക്കിവിടപ്പെടുകയും കേറികിടക്കാൻ ഇടമില്ലാതെ കഷ്ടപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരവസ്ഥ മനുഷ്യജാതിക്കുതന്നെ അപമാനകരമായ ഒന്നാണെന്ന് ഹൃദയമുള്ള ഏവരും സമ്മതിക്കും. ഈ ബില്ലിനും കുറച്ച് അവ്യാപ്തിദോഷമുണ്ടെന്ന് പറയാതെ തരമില്ല. മി. കൃഷ്ണൻ ശാസ്ത്രിയും മി. ആദിച്ചനും ചില ഭാഗങ്ങൾ ചൂണ്ടി കാണിക്കുകയുണ്ടായി. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് പട്ടണങ്ങളിൽ കാണുന്ന വസ്തുക്കളെ സംബന്ധിച്ചുള്ള വ്യവസ്ഥയാണ്. ഈ ബില്ലിന്റെ വ്യാപ്തിയിൽനിന്നും പട്ടണങ്ങളെ ഒഴിവാക്കുന്നതു ഒരിക്കലും ശരിയല്ല. ശംഖുംമുഖംമുതൽ കുണ്ടമൺകടവുവരെയും പട്ടംമുതൽ കരമനയാറിന്റെ മുകരവരെയും വ്യാപിച്ചുകിടക്കുന്നതായ ഈ തിരുവനന്തപുരംപട്ടണത്തിൽത്തന്നെ നിരവധി കുടികിടപ്പുകാരുണ്ട്. ഈ പട്ടണത്തിലെ ഉദ്യോഗസ്ഥന്മാർക്കും വക്കീലന്മാർക്കും വ്യാപാരികൾക്കുംവേണ്ടി വേലയെടുത്തും അവരുടെ ഭൂമികളിൽ പാർത്തും ജീവിതം നയിക്കുന്ന എത്രയോ ജനങ്ങൾ ഈ പട്ടണത്തിൽ നിവസിക്കുന്നുണ്ട്. അവരെല്ലാം ഇറങ്ങിപ്പോകണമെന്നാണോ, അവരെ ഇറക്കിവിടണമെന്നാണോ, എന്താണുദ്ദേശിക്കുന്നതെന്ന് വ്യക്തമല്ല. അമ്പലപ്പുഴ, കോട്ടയം, കൊല്ലം മുതലായ പട്ടണങ്ങളിലും അനവധി ദരിദ്രജനങ്ങൾ കുടിപാർത്തുവരുന്നുണ്ട്, അവരെയെല്ലാം പട്ടികളെപ്പോലെ അടിച്ചിറക്കിക്കൊണ്ടിരിക്കുന്നില്ലെന്നാണോ ഗവണ്മെന്റ് കരുതുന്നതു്, അതോ അവർ അങ്ങനെ അലഞ്ഞുനടന്നുകൊള്ളട്ടെ എന്നാണോ വിചാരിക്കുന്നതു്? പട്ടണങ്ങളിലെ ഭൂമിയുടമസ്ഥന്മാർ നാട്ടിൻപുറങ്ങളിലെ ഭൂമിയുടമസ്ഥന്മാരെക്കാൾ എത്രയോ സമ്പന്നന്മാരാണെന്നുള്ളതു നിർവ്വിവാദമാണ്. പട്ടണങ്ങളിൽ സാധുജനങ്ങൾക്ക് വസ്തു സമ്പാദിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടു പട്ടണങ്ങളിലെ ഭൂമികളെല്ലാം ധനവാന്മാരു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariathn Kunjithomman]

ടേതാണ്. ആ ഭൂമികളിൽനിന്നും കുടികിടപ്പുകാരെ ഇഷ്ടംപോലെ അടിച്ചിറക്കാം; എന്നാൽ പ്രായേണ സാധുക്കളും സാധാരണക്കാരുമായ ജനങ്ങൾ അധിവസിക്കുന്ന ഗ്രാമപ്രദേശങ്ങളിൽനിന്ന് ഇറക്കിവിടാൻ പാടില്ലെന്നു പറയുന്നു. ഇതു് ഒരിക്കലും ശരിയല്ല. പട്ടണങ്ങളിൽ കുടികിടക്കുന്നവരെ ഇറക്കിവിട്ടാൽ അവർ എവിടെ പോകും? ഗ്രാമങ്ങളിൽനിന്ന് ഒരുപക്ഷേ ഇറക്കിവിട്ടാലും പട്ടണങ്ങളിൽനിന്ന് ഇറക്കിവിടാൻപാടില്ലെന്നാണ് എന്റെ ബലമായ അഭിപ്രായം.

അതുപോലെതന്നെ പിന്നൊരു വ്യവസ്ഥ ഇതിൽ വച്ചിരിക്കുന്നതു് കുടികിടപ്പുകാർ നിയമപ്രകാരം രക്ഷ നേടിക്കൊള്ളണമെന്നാണ്. ഈ നിയമം കുടികിടപ്പുകാരായ അവശസമുദായങ്ങളെ സംബന്ധിച്ചിടത്തോളം പ്രയോഗത്തിൽ വൈഷമ്യമേറിയ ഒരു വ്യവസ്ഥയാണ്. ധനാഢ്യന്മാരായ വ്യാപാരികൾക്കും വക്കീലന്മാർക്കും ഉദ്യോഗസ്ഥന്മാർക്കും എതിരായി ഒരു വ്യവഹാരം കൊടുത്തു രക്ഷനേടാൻ അവശസമുദായങ്ങൾക്ക് ഒന്നുകൊണ്ടും ശക്തി ഇല്ല. വളരെക്കാലമായി അടിമകളായിക്കിടന്നു് മറ്റുള്ളവരുടേയും രാജ്യത്തിന്റെയും ഐശ്വര്യത്തിനുവേണ്ടി വേലയെടുത്തിട്ടുള്ള അളുകൾ ഈ അവശസമുദായങ്ങളിലുണ്ട്. അലസതകൊണ്ടോ ദുർവ്യയംകൊണ്ടോ ദരിദ്രന്മാരായിത്തീർന്ന ഒരു കൂട്ടരും ഉണ്ടായിരിക്കാം; എന്നാൽ ഈ അവശസമുദായങ്ങൾ അങ്ങനെയല്ല. അവക്ക് വസ്തു സമ്പാദിക്കാനുള്ള യാതൊരു സാദ്ധ്യതകളും കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിരുന്നില്ല. ആടുമാടുകളെപ്പോലെയും മറ്റു വസ്തുക്കളെപ്പോലെയും വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന പദാർത്ഥങ്ങളെപ്പോലെയോ കേവലം മൃഗങ്ങൾക്കു തുല്യമായ ജീവികളെപ്പോലെയോ അവർ പരിഗണിക്കപ്പെട്ടിരുന്നു. അതുകൊണ്ട് വസ്തു സമ്പാദിക്കാൻ അവക്ക് യാതൊരു മാർഗ്ഗവും ഉണ്ടായിരുന്നില്ല. അടുത്തകാലത്തുമാത്രമാണ് അവക്ക് മോചനം ലഭിച്ചതു്. അങ്ങനെയുള്ളവരെ ഒന്നൊന്നു പ്രത്യേകം പരിഗണിച്ച് സൗജന്യങ്ങൾ ചെയ്തുകൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. അനേകം തലമുറകളായി അവരുടെ പരിശ്രമങ്ങളെല്ലാം രാജ്യത്തിനും മറ്റുള്ളവർക്കുംവേണ്ടിയായിരുന്നു. അവരുടെ പ്രയത്നത്തിന്റെ ഫലമനുഭവിച്ച് ഇത്തിൾകണ്ണികൾപോലെ ജീവിതം കഴിച്ചുപോന്ന ധനികന്മാർ ധാരാളമുണ്ട്; യാതൊരുതരത്തിലും പുരോഗമിക്കാൻ സൗകര്യമില്ലാതെ കിടന്ന അവശസമുദായവിഭാഗങ്ങളെ പ്രത്യേകം പരിഗണിച്ചില്ലെങ്കിൽ അവക്ക് യാതൊരു രക്ഷയുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

അവരെ ഇറക്കിവിടാൻ നിവൃത്തിയില്ലെവന്നുവരുമ്പോൾ അവരെ മോഷ്ടാക്കളും അക്രമികളുമാക്കി കേസു കൊടുക്കാൻ ധനവാന്മാർ തയാറാകാതിരിക്കയില്ല. എന്നാൽ അക്രമികളും മോഷ്ടാക്കളുമായിട്ടുള്ളവർ ഉണ്ടെങ്കിൽ അവക്ക് കൊടുത്തില്ലെങ്കിലും തരക്കേടില്ല. പിന്നോക്കസമുദായങ്ങളിൽ അങ്ങനെയുള്ളവർ വളരെ ചുരുക്കമാണ്.

കഴിഞ്ഞ രണ്ടു സെൻസസ്സുകൾ നോക്കിയാൽ ഉദ്ദേശം ഒരുലക്ഷം ഭവനങ്ങൾവീതം വർദ്ധിച്ചിട്ടുണ്ടെന്നു കാണാം. ഫസ്റ്റ്-ലെ സെൻസസ്സ് അനുസരിച്ച് എൺപതിനായിരത്തോളം ഭവനങ്ങളും ഫസ്റ്റ് ഫ-ലെ സെൻസസ്സ് അനുസരിച്ച് ഒരു ലക്ഷത്തോളം ഭവനങ്ങളും പുതുതായി തീക്കപ്പെട്ടിട്ടുണ്ടെന്നു കാണാം. എന്നിട്ടുപോലും വളരെയധികംപേർക്ക് ഭവനങ്ങളില്ലാതെയാണിരിക്കുന്നത്. പരഭ്രമിയിൽ അധിവസിക്കുന്ന എത്രയോ ലക്ഷം ആളുകൾ ഇന്നുമുണ്ട്. അവക്കൊക്കെ ഭൂമി കൊടുക്കുകയില്ലെന്നു പറഞ്ഞാൽ പിന്നെ അവർ എവിടെ പോകും? ഈ നിയമംകൊണ്ടു കൂടിയിറക്കു നിരോധിച്ചാൽ മേലാൽ ആരെയും കുടികിടക്കാൻ അനുവദിക്കുകയില്ലെന്നു വരും. പക്ഷിമൃഗാദികളെപ്പോലെ അവർക്ക് വല്ല വൃക്ഷങ്ങളുടെ പൂവട്ടകളിലും അഭയം തേടാൻ സാദ്ധ്യമല്ല. പശ്ചിമഘട്ടത്തിനു അപ്പുറത്തു മഴ കുറവായതുകൊണ്ട് അവിടെയുള്ള ആളുകൾക്കാണെങ്കിൽ വല്ല വടവൃക്ഷങ്ങളുടെ പൂവട്ടിലോ അല്ലെങ്കിൽ ഇലപ്പന്തലുകളുണ്ടാക്കി അവയിലോ അഭയം തേടാം. ഇവിടെ ധാരാളം മഴയുള്ളതുകൊണ്ടു അതും സാദ്ധ്യമല്ല. വർദ്ധിച്ചു വർദ്ധിച്ചു വരുന്ന ജനങ്ങൾ എവിടെയെങ്കിലും കേറി കിടന്നല്ലേ തീരൂ. കഴിഞ്ഞ സെൻസസ്സു കണക്കുകൾ വച്ചുനോക്കിയാൽ അടുത്ത സെൻസസ്സിനു മുൻപു കുറഞ്ഞതു ഒരു ലക്ഷം ഭവനമെങ്കിലും ഉണ്ടാക്കിക്കൊടുക്കേണ്ടിയിരിക്കുന്നു. വർദ്ധിച്ചുവരുന്ന ജനങ്ങൾക്ക് എവിടെ വീടുവച്ചു കിടക്കാമെന്നാണു നാം കരുതുന്നതു? ഈ ബില്ലു പാസ്സായി കഴിഞ്ഞാൽ വീടുകെട്ടി താമസിച്ചുകൊള്ളാൻ അനുവദിക്കുന്ന കരുണാശീലന്മാരും ആർദ്രബുദ്ധികളുമായ ആളുകൾ വളരെ കുറവായിരിക്കും. ചുരുക്കം ചിലരുണ്ടായി എന്നു വരാം. മിക്കവാറും ആളുകൾ അവരുടെ ഭൂമിയിൽ മേലാൽ ആരെയും കടത്തുകയില്ല. അങ്ങനെ വരുമ്പോൾ ഇനിയും ഒരു ലക്ഷം വീടുകളുണ്ടാക്കണമല്ലോ, അതിനെവിടെപ്പോകും? ഇങ്ങനെയുള്ള ഒരു നിയമം ഉണ്ടാക്കുമ്പോൾ ശാന്തമായി ചിന്തിച്ചും പ്രശ്നത്തിന്റെ എല്ലാ വശങ്ങളെപ്പറ്റിയും നല്ലവണ്ണം അന്വേഷിച്ചു പഠിച്ചും ചെയ്യേണ്ടതു ഒഴിച്ചുകൂടാൻപാടില്ലാത്ത ഒരത്യാവശ്യമാണ്. ഇതിനുമുൻപു നടന്നിട്ടുള്ള നിയമസഭകളിൽ എനിക്കുണ്ടായിട്ടുള്ള അനുഭവം വച്ചുപറയുകയാണെങ്കിൽ ജനങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളുടെ അഭിപ്രായങ്ങളും ആവശ്യങ്ങളും ഗവണ്മെൻറ് നല്ലപോലെ അന്വേഷിച്ചറിഞ്ഞതിനുശേഷമാണ് ഒരു ബില്ലു നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കുന്നതു്. എന്നാൽ ഇപ്പോൾ ഇതു് ഉടനെയുണ്ടാക്കേണ്ട ഒരു നിയമമായിട്ടാണിരിക്കുന്നതു് എന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. എങ്കിലും നാം ഒന്നു ചിന്തിക്കണം. ഈ നിയമം കൊണ്ടു് ഭൂമിയുള്ളവരാരും തങ്ങളുടെ ഭൂമിയിൽ അന്യരെ കടത്തുകയില്ലെന്നു വന്നാൽ സാധുക്കളായ ഈ തൊഴിലാളികളുംമറ്റും എവിടെപ്പോകുമെന്നുകൂടി നാം ചിന്തിക്കേണ്ടതായിട്ടുണ്ടു്. കഴിഞ്ഞ കാലങ്ങളിൽ സംഘുക്കാം കൂടികെട്ടി കിടന്നുകൊള്ളട്ടെ എന്നു കരുതി സന്മനസ്സോടുകൂടി വളരെപ്പേർ സൗകര്യം കൊടുത്തിട്ടുണ്ടു്. ഇനിയാരെങ്കിലും താനെ കൊടുക്കുമെന്നു എനിക്കു തോന്നുന്നില്ല.

MR. T. A. ABDULLA : കൊടുത്തില്ലെങ്കിൽ എടുത്തുകൊടുത്തുകൂടെ?

MR. THARIATHU KUNJITHOMMAN : പലതും ചെയ്യാൻ അധികാരമുണ്ടു്. അതേപ്പറ്റി നിങ്ങളും ചിന്തിക്കണമെന്നു് ഞാൻ പറയുമ്പോൾ കൊടുത്തില്ലെങ്കിൽ എടുത്തു കൊടുത്തുകൂടെ എന്നു ചോദിച്ചാൽ ഞാൻ എന്താണു് പറയേണ്ടതു്? ഒരു നിയമത്തിന്റെ ഒരു വശംമാത്രം നോക്കിയാൽപോരാ; അതിന്റെ സാധകബാധകങ്ങളെപ്പറ്റി നാം ശരിയായി ചിന്തിക്കണം; രണ്ടു വശവും നാം ഒരുപോലെ പരിശോധിക്കണം. പരഭൂമിയിൽ പ്രവേശിപ്പിക്കുകയില്ലെന്നുവന്നാൽ അവക്കു് എന്തെങ്കിലും ഒരു നിവൃത്തിമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കണ്ടേ? സൗകര്യമുള്ള പുറംപോക്കുഭൂമികൾ അവക്കു് കൊടുക്കുന്നതിൽ എന്താണു വിരോധം? ഗവണ്മെൻറിന്റെയും ജനങ്ങളുടേയും പൊതു ആവശ്യത്തിനു് ബാധകമായ സ്ഥലങ്ങൾ കൊടുക്കേണ്ടാ. അന്യന്മാർ പ്രവേശിച്ചു കൃഷി ചെയ്യുന്നതുകൊണ്ടു് ഉപദ്രവമുണ്ടാകുമെന്നുള്ള സ്ഥലങ്ങൾ കൊടുക്കരുതു്. അല്ലാത്ത പുറംപോക്കുസ്ഥലങ്ങളെല്ലാം സാധുക്കളായ തൊഴിലാളികൾക്കും പാർക്കാനിടമില്ലാത്ത മറ്റു ദരിദ്രജനങ്ങൾക്കും കൊടുക്കണം. നമ്മുടെ റിസർവ്വ് വനങ്ങളുടെതന്നെ അതിർത്തി ഒരു മൂന്നു മൈൽ ഉള്ളിലോട്ടു നീക്കിയിട്ടു് അതുമുതൽ സ്ഥലമെടുത്തു് അവശസമുദായങ്ങൾക്കു് കൊടുക്കണം. ക്രിസ്ത്യൻസമുദായത്തിനു് ഒരു സെൻറും കൊടുക്കേണ്ടാ. വനം എടുത്തുകളയുന്നു എന്ന പരാതിയും ഭയവും ആക്കാണോ ഉള്ളതു് അവർക്കതെങ്കിലും കൊടുത്താൽമതി.

ANHON'BLE MEMBER ; ബഹുമാനപ്പെട്ട മെമ്പർ ഏതു സമുദായത്തിൽപ്പെട്ടയാളാണു്?

LIBRARY ARCHIVES Kerala Legislative Assembly

MR. THARIATHU KUNJITHOMMAN : ഞാൻ ഒരു സിറിയൻകൃസ്ത്യാനാണ്. സവർണ്ണനാണോ അവർണ്ണനാണോ എന്നെനിക്കറിഞ്ഞുകൂടാ. സവർണ്ണനാണെന്നാണ് എന്റെ വിശ്വാസം. മനുഷ്യന്റെ മഹാമനസ്കത വച്ചാണ് ജാതി തിരിക്കേണ്ടതു്. മഹാമനസ്കതയുള്ളവൻ ഉൽകൃഷ്ടൻ, അതില്ലാത്തവൻ നികൃഷ്ടൻ എന്നാണ് ഞാൻ വച്ചിരിക്കുന്നതു്. അതാണ് ഉച്ചനീചത്വങ്ങളിലുള്ള തത്വം. അതെങ്ങനെയോ ഇരിക്കട്ടെ. എന്തായാലും അനവധി ആളുകൾക്ക് ഭവനം ഉണ്ടാക്കി കൊടുക്കേണ്ടിയിരിക്കുന്നു. അതിനെന്താണു വഴി? ഒരു മാസ്റ്റം അടഞ്ഞു വരികയാണെങ്കിൽ അപ്പോൾ നാം വേറൊരു മാസ്റ്റം തുറന്നുകൊടുക്കേണ്ടതായുണ്ട്. അതിന് എനിക്ക് നിർദ്ദേശിക്കാനുള്ള മാസ്റ്റം റിസർവു വനങ്ങളിൽനിന്നും ഒരു നാലു മൈൽ ഉള്ളിലേക്ക് കേറി സ്ഥലങ്ങളെടുത്തു് സാധുക്കൾക്ക് പതിച്ചുകൊടുക്കുകയെന്നുള്ളതാണ്. അതുകൊണ്ടു് യാതൊരു തരക്കേടും വരാനില്ല. പശ്ചിമഘട്ടങ്ങൾ കൊച്ചിയിലും മലബാറിലുമൊക്കെ ഇങ്ങനെയാണോ കിടക്കുന്നതു്? അവിടങ്ങളിൽ വനങ്ങളിൽക്കൂടി അനവധി റോഡുകൾ പോകുന്നുണ്ട്. മലകളുടെ മുകളിൽ പോലും അവിടെ കെട്ടിടങ്ങളുണ്ടു്. വനങ്ങളെ വളരെ വേഗത്തിൽ ഗ്രാമങ്ങളും പട്ടണങ്ങളുമായി മാറിക്കൊണ്ടിരിക്കുന്നു. പത്തു മൈലിൽക്കൂടുതൽ റിസർവുവനങ്ങളുടെ ആവശ്യമേയില്ലെന്നാണ് എനിക്കു തോന്നുന്നതു്. നമ്മുടെ റിസർവുവനങ്ങളാണെങ്കിൽ പാണ്ടിദേശംവരെ വ്യാപിച്ചുകിടക്കുന്നുണ്ടു്. തിരുവിതാംകൂറാകുന്ന മഹൽഗ്രന്ഥത്തിനെ തുറന്നുനോക്കുന്നതിനോ, അർത്ഥം ഗ്രഹിക്കുന്നതിനോ സാധ്യമല്ലാത്ത ഏടുകളായിട്ടാണ് നമ്മുടെ റിസർവുവനങ്ങൾ കിടക്കുന്നതു്. അതിൽനിന്നും ഒരു രണ്ടോ മൂന്നോ ലക്ഷം ഏക്കർ സ്ഥലമെടുത്തു് പതിച്ചുകൊടുക്കുന്നതിൽ യാതൊരു തരക്കേടുമില്ല. എടുത്തുകളയുന്നു എന്നു സംശയിക്കുന്നവക്കുതന്നെ കൊടുത്താൽ മതിയെന്നു് ഞാൻ വീണ്ടും പറഞ്ഞുകൊള്ളുന്നു. പക്ഷേ ദരിദ്രനും ഭൂമിയില്ലാത്തവനും മാത്രമേ കൊടുക്കാവൂ. അതും സ്ഥിരമായി കൊടുക്കണം. ഫാഷൻ കൊല്ലത്തിനകം കൈമാറിയാൽ ഒഴിപ്പിച്ചു് വേറെയാൾക്കു കൊടുക്കുമെന്നുള്ള വ്യവസ്ഥയിൽ കൊടുത്താൽമതി.

MR. P. NANOO : വാദവിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങളാണോ ഈ പറയുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

MR. THARIATHU KUNJITHOMMAN: നിശ്ചയമായും സംബന്ധപ്പെട്ട കാര്യങ്ങൾതന്നെയാണ് ഞാൻ പറയുന്നത്. ഈ ബില്ല് പാസ്സാക്കുന്നതുകൊണ്ട് വീട് കെട്ടിപ്പാക്കാൻ സ്ഥലം കിട്ടാതെവരുന്നയാളുകൾക്ക് ഒരു നിവൃത്തിമാർഗ്ഗമാണ് ഞാൻ പറയുന്നത്. അങ്ങിതോഷകവൃത്തിയിൽ വളരെ പരിചയം സിദ്ധിച്ചിട്ടുള്ള എന്റെ സ്നേഹിതൻ മി. നാണു അതു മനസിലാക്കാത്തതിൽ ഞാൻ നിർവ്യാജം വ്യസനിക്കുന്നു.

MR. P. NANOO: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. കുടിയിറക്കബില്ല് വാദവിഷയമായിരിക്കുമ്പോൾ നമ്മുടെ റിസർവുവനങ്ങളിൽനിന്ന് മുന്നു മൈൽ വീതിയിൽ ഭൂമിയെടുത്ത് ഇണ്ടുതുണ്ടാക്കികൊടുക്കണമെന്നുള്ള വാദം സംഗതമാണോ എന്നറിഞ്ഞാൽ കൊള്ളാം.

MR. DEPUTY PRESIDENT: അതു സംഗതമല്ല. ബഹുമാനപ്പെട്ട മെമ്പർ സംഗതമായ കാര്യങ്ങൾമാത്രം പറഞ്ഞാൽ മതി.

MR. THARIATHU KUNJITHOMMAN: ഒരു ബില്ലിനെപ്പറ്റി പറയുമ്പോൾ അതിനോട് ബന്ധപ്പെട്ട കാര്യങ്ങൾ വിസ്തരിച്ച് വേണ്ടതെളിവുകളോടുകൂടി വ്യക്തമാക്കിയാലേ കാര്യമാകുകയുള്ളു എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. അതു പാടില്ലെങ്കിൽ ഞാൻ വിരമിച്ചുകൊള്ളാം.

MR. A. NESAMONY: I welcome this Bill. To me it appears that when this bill passes into law, it would rank with the Pattom Proclamation of 1040, for it bestows a certain amount of proprietary right upon the holder of a lease. It is true that there are certain sections in this Bill which have not been rather chappily worded, especially the definition of 'kudikidappukaran'. If a person has no land to live in and becomes a kudikidappukaran and subsequently obtains a small plot of land elsewhere on purchase or mortgage, is he divested of the right that he has already acquired? That is one question that is likely to arise on the definition of kudikidappukaran.

Passing on to Section 3, there are certain lands that are being exempted. It was urged by my friends on the floor of the House that a person acquires a proprietory right, by long adverise possession. Or, it sometimes happens that trespass is made on Government land to force the hands of Government to register such land in the name of the occupier thereof. There are various methods of acquisition of lands recognised more by custom than by law in this land. Are these people to be dispossessed by this bill from the Government lands that they occupy?

LIBRARY ARCHIVES Kerala Legislative Assembly

It has again been brought to the notice of this House that several Municipalities are mostly villages or cluster of villages. They are not what we call towns, and in these cluster of villages there are open spaces in which very many people have been squatting or living upon the land of another. If the lands within the Municipal areas are exempted, there is the possibility of a large number of people whose habitations have been in these areas for generations likely to be removed under due process of law.

Then Section 7 is a section which frightens many of the people who are likely to be benefited by this bill. It is true that the exceptions therein seem to be a little bit stringent and experience would go to show that these poor people cannot make their voices heard or their rights felt as against rich persons who own the land themselves. In the case of waste, suppose two bunches of cocoanut have been cut down by the jenmi himself and he informs the nearest Police station. The Policeman comes and prepares a mahazar. Then next day a suit is launched that waste is committed and the poor man is evicted. As against the rich landlords and the mahazar of the Police, what is the remedy available to the poor man? We know it may be pleaded that the burden of proof having been shifted to the landlord, this man has only to defend himself. We know how a poor man who has not the wherewithal to defend himself in a case will be worsted in the fight. Therefore, such restrictions as in Section 7 require a little reconsideration because of the experience we have in courts of law.

MR. P. KUNJUKRISHNAN: Does not that section provide that it is only though the decree of Civil courts?

MR. A. NESAMONY: Experience shows that there could not be any real protection. Could you not devise some other protection, I am asking you. Section 12 seems to require overhauling and redrafting because, "from the day after 1st Chingom 1121 no Kudikidappukaran shall be evicted in execution of any decree for eviction from any holding to which this Act shall apply" and so on. I see now it is admitted on the Government side that it requires some redrafting, because there is no provision for restitution; and no provision for damages.

One question that I would like to raise at this stage is that on going through the various sections of this Act, I doubt whether a kudikidappukaran is entitled to renovation or reconstruction of his house. Or is he to remain in the very same thatched shed that he is now occupying for generations to come? Or is the subsequent generation also to have only that thatched shed with no windows, no rooms inside and no ventilation? Are they to continue in that stage for ever? This is the question which I would like to raise, and I think that is not answered in this piece of legislation. With these words, I commend this Bill to the attention of the House.

(At this stage Mr. President (the Hon'ble Mr. R. V. Thomas) resumed the Chair).

LIBRARY ARCHIVES Kerala Legislative Assembly

MR. P. KUNJUKRISHNAN : സർ, ഈ ബില്ലിന്റെ തത്വത്തെ ഞാൻ അനുകൂലിക്കുന്നു. ഈ ബില്ലിന്റെ ഏഴാം വകുപ്പ് വളരെ ഭയപ്പാടുണ്ടാക്കിയിരിക്കുന്നതായി കാണുന്നു. എന്നാൽ എന്റെ അഭിപ്രായത്തിൽ അതിനെ ഭയപ്പെടേണ്ടകാര്യമില്ല. ഈ ബില്ലിന്റെ തത്വം തന്നെ സ്വന്തമായിട്ട് വീടുവച്ച് താമസിക്കാൻ സ്ഥലമില്ലാത്ത ആളുകൾക്ക് കുടികിടപ്പിനുള്ള സൗകര്യം ഉണ്ടായിരിക്കണമെന്നുള്ളതാണ്. ഗവണ്മെന്റുതന്നെ ഒരു പുതിയ ഭവന നിർമ്മാണപദ്ധതിയുണ്ടാക്കി താമസിക്കുന്നതിന് വീടില്ലാത്ത ആളുകൾക്ക് വീടുണ്ടാക്കിക്കൊടുക്കുമെന്ന് നമുക്ക് ന്യായമായി പ്രതീക്ഷിക്കാവുന്നതാണ്. ആ തത്വത്തെ അനുകൂലിച്ച് അതിന് ഏറ്റവും സഹായകമായ നിലയിലാണ് ഈ ബിൽ ഇവിടെ ഹാജരാക്കിയിരിക്കുന്നത്. അതുകൊണ്ട് ഏഴാം വകുപ്പിന്റെ പ്രവർത്തനത്തിൽ ഒരു ഭയപ്പാടിനും കാര്യമില്ലാത്തതാണ്. ഒന്നാമതായിട്ട് ഒരു സിവിൽ കോടതിയുടെ ഡിക്രിമൂലമല്ലാതെ കുടികിടപ്പുകാരെ മാറ്റാൻ സാധ്യമല്ല. റെന്റ് കൺട്രോൾ ഓർഡർ വന്നതിനുശേഷം ഒരു കെട്ടിടത്തിൽ താമസിക്കുന്ന ആളിനെ മാറുന്നതിന് എത്രമാത്രം പ്രയാസമുണ്ടെന്നുള്ളത് നമുക്കെല്ലാവർക്കും അറിവുള്ള ഒരു കാര്യമാണ്. പ്രയോഗത്തിൽ വരുമ്പോൾ ഇതിന്റെ അർത്ഥം കുടികെട്ടി താമസിക്കുന്ന ആളുകളെ ഭൂമിയിൽനിന്നും ഒഴിപ്പിക്കാൻ സാധ്യമല്ലെന്നുള്ളതാണ്. ഇങ്ങനെ ഒഴിപ്പിക്കുന്നതിനുള്ള ഒരു കേസ് സിവിൽ കോടതിയിൽ കൊടുക്കുകയാണെങ്കിൽ ആ കേസ്സനുസരിച്ച് ഒരു കുടിപ്പാർപ്പുകാരനെ മാറേണ്ട സകല ചുമതലകളും ആ വസ്തു ഉടമസ്ഥന്റെ ചുമലിലാണ് വച്ചിരിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ റെന്റ് കൺട്രോൾ ഓർഡർ വന്നതിനുശേഷം കെട്ടിടം ഉടമസ്ഥന്മാർക്ക് വാടകക്കാരെ ഒഴിപ്പിക്കുന്നതിനുള്ള പ്രയാസം ഇതിനേയും ബാധിക്കും. അപ്രകാരം അവരെ ഒഴിപ്പിക്കാൻ സാധ്യമല്ലെന്നുള്ളതും തീർച്ചയാണ്. ഇതെല്ലാം വളരെ വൈഷമ്യങ്ങൾ ഉണ്ടാക്കുന്നതാണ്. ഇവിടത്തെ റെന്റ് പോളിസിയെത്തന്നെ ഒന്ന് വ്യവസ്ഥപ്പെടുത്തിയും ഈ രാജ്യത്തു ഒരു സാമ്പത്തികമായ സമീകരണം, ഭൂസ്വത്തിൽ മാത്രമല്ല മറ്റെല്ലാകാര്യങ്ങളിലും ഒരു സമീകരണം വരുത്താൻ ഒരു പദ്ധതി ഗവണ്മെന്റ് സ്വീകരിച്ച് അതനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങുന്നതിന് മുമ്പായിട്ട് ഇങ്ങനെ വസ്തു ഉടമസ്ഥന്മാരുടെ വസ്തുക്കളിൽ യാതൊരു നിയന്ത്രണവും ഇല്ലാതെ തോന്നിയതുപോലെ കുടികിടപ്പുകാക്ക് താമസിച്ച് ഏതു നിലയിലും കഴിഞ്ഞുപോകാമെന്നു വന്നാൽ അതു വസ്തു ഉടമസ്ഥന്മാർക്കും അതിന്റെ അനുഭവക്കാർക്കും വളരെ വൈഷമ്യങ്ങൾ ഉണ്ടാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്തു നിലവിലുള്ള നിയമങ്ങളേയും വ്യവസ്ഥകളേയും വ്യത്യാസപ്പെടുത്തിയാൽ അതു് രാജ്യത്തെ പൊതുവേ സാരമായി ബാധിക്കുന്നതാണു. പൊതുവെ സമൂലമായ ഒരു പരിവർത്തനം പെട്ടെന്നു് ഉണ്ടാകുന്നതാണു്. ഈ മാതിരി പരിവർത്തനം ഉണ്ടാകേണ്ടതു് അത്യാവശ്യമാണു്. എന്നാൽ അതു് സമാധാനപരമായും, ആവക പ്രശ്നങ്ങളെ കായ്മായി ചിന്തിച്ചു വേണ്ടതുപോലെ ചെയ്യേണ്ടതും ആണു്. അല്ലാതെ ഇങ്ങിനെയുള്ള ഒരു നിയമം പെട്ടെന്നു ഉണ്ടാക്കേണ്ടതല്ല; മാത്രമല്ല വെറുംപാട്ടക്കുടിയാൻ ബില്ലിന്റെ തത്വത്തിനു നേരെ മറിച്ചാണു് ഈ ബില്ലു് കാണപ്പെടുന്നതു്. വെറുംപാട്ടക്കുടിയാൻ ആക്ട് താൽക്കാലികമായ ഒരു സ്റ്റേയാണു് നൽകുന്നതു്. എന്നാൽ ഇതു് അങ്ങിനെയല്ല. സ്ഥിരമായ അവകാശമാണു് പാട്ടക്കുടിയാന്മാക്കു് നൽകുന്നതു്. അങ്ങനെ തത്വപരമായിട്ടും മൗലികമായിട്ടും ഒരു വലിയ വ്യത്യാസം ഈ കായ്മത്തിലുണ്ടു്. ഈ കായ്മവും നാം പ്രത്യേകം ചിന്തിക്കേണ്ടതാണു്. ഏഴാമത്തെ വകുപ്പനുസരിച്ചു് പലതരത്തിലുള്ള വേസ്റ്റ് കമ്മിറ്റു് ചെയ്യുക വസ്തു കൈമാറ്റംചെയ്യുക ഇങ്ങിനെ വസ്തുഉടമസ്ഥന്മാക്കു് ദോഷകരമായ ഭവിഷ്യത്തുകളോടുകൂടി അവർ പ്രവർത്തിച്ചാൽ മാത്രമേ കുടിയാന്മാരിൽനിന്നും ഉടമസ്ഥനു വസ്തു മാറുന്നതിനു് സാധിക്കുകയുള്ളു.

MR. P. K. KRISHNAN SASTRI : ജന്മിമാർക്കു് കുടിയാന്മാരെ സംബന്ധിച്ചു് ഈ വക തെളിവുകൊടുക്കുന്നതിനു് യാതൊരു പ്രയാസവുമില്ലെന്നറിയാമോ ?

MR. P. KUNJUKRISHNAN : അതു് നിയമമുണ്ടാകുമ്പോൾ നിയമം മൂലമുള്ള വ്യവസ്ഥകളെ അനുസരിച്ചാണു് ഇരിക്കുന്നതു്. അങ്ങനെയുള്ള പരിസരങ്ങൾ ഉണ്ടാകാൻ ഇടയുണ്ടെന്നുള്ള ബോധത്തോടുകൂടി കുടിയാന്മാരും പ്രവർത്തിക്കേണ്ടതാണു്. പഞ്ചാം വകുപ്പിൽ ഇങ്ങനെ ഒരു കോടതിയിൽ ഒരു കേസ്സു് നിലവിലിരിക്കുമ്പോൾ പാട്ടക്കുടിയാൻ ഒരപേക്ഷ കൊടുത്താൽ വേറൊരു സ്ഥലം കെട്ടിക്കൊടുക്കുന്നതിനു വ്യവസ്ഥയുണ്ടു്. എന്നാൽ അതിൽ ഒരു ഗ്യാപ്പു് ഉള്ളതായിട്ടു് എനിക്കു് തോന്നുന്നു. അതായതു് അപ്ലിക്കന്റിന്റെ ചെലവിൽതന്നെ കെട്ടിടം നിർമ്മിക്കണമെന്നുവരുന്നു. സങ്കടക്കാരൻ മിക്കവാറും അടകടിക്കാരനാണു്. അയാളുടെ ചെലവിൽ കെട്ടിടം പണിയുന്നതു് വളരെ പ്രയാസമാണെന്നാണു് തോന്നുന്നതു്. അതു് ഈ ആക്ടിന്റെ ഭാവിപ്രവർത്തനത്തെ സംബന്ധിച്ചു് സെലക്ടു് കമ്മിറ്റി ആലോചിക്കുമ്പോൾ ഈ വകുപ്പിനെപ്പറ്റി പ്രത്യേകം ആലോചിക്കണമെന്നാണു് എന്റെ അഭിപ്രായം. പിന്നെ പതിനൊന്നാം വകുപ്പിൽ രണ്ടാമത്തെ ക്ലസ്സു്. ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kunjukrishnan]

പറഞ്ഞിരിക്കുന്നത് ആറു മാസത്തിനകത്തു പ്രവൃത്തികാരന്മാരുടെ അടുക്കൽ അടുകുടിക്കാർ പേരുകൊടുത്തു രജിസ്റ്റർ ചെയ്യണമെന്നാണ് വ്യവസ്ഥ. ഈ അടുകുടിക്കാർ വിദ്യാവിഹീനരും ഈ മാതിരി കാര്യങ്ങളിൽ അറിവില്ലാത്തവരുമാണ്. അങ്ങനെ ഇവർ ആറു മാസത്തിനകത്തു പേർകൊടുത്തു രജിസ്റ്റർചെയ്തില്ലെങ്കിൽ വരുന്ന നഷ്ടങ്ങൾ അവർ സഹിക്കണമെന്നാണ് ഈ ആക്ടിൽ പറയുന്നത്. അതിനാൽ ഈ ക്ലാസ്സ് ചിന്താവിഷയമാക്കേണ്ടതാണ്. വേറൊന്നുള്ളത് മുൻസിപ്പൽ ലിമിറ്റിനകത്തു് ഉള്ള വസ്തുക്കളെ ഈ ആക്റ്റ് അതിന്റെ പരിധിയിൽനിന്നും ഒഴിവാക്കുന്നുണ്ട്. ഇതു് അടുകുടിക്കാർക്കു് ക്ലേശമുളവാക്കുന്നതാണ്. അനേകം ആളുകളും താമസിക്കുന്നതു് ഈ മുൻസിപ്പൽ ലിമിറ്റകത്താണ്. അതിനാൽ മുൻസിപ്പൽ ലിമിറ്റിനകത്തുള്ള വസ്തുക്കളെ ഒഴിവാക്കുന്ന കാര്യവും ചിന്തിക്കേണ്ടതാണ്. ഫാം വകുപ്പിൽ കൂടുതൽ പ്രയോജനകരമായ വ്യവസ്ഥയുണ്ട്. അതു് ഫാം വകുപ്പിനെ ആക്ഷേപിച്ചിട്ടുള്ള മാന്യന്മാർ പരിഗണിക്കേണ്ടതാണ്. അതായതു് ഫാം ഫിനു ശേഷമുള്ള കാലത്തേക്കും ഇതു് പോകുന്നുണ്ട്. അതായതു് ഒരു റിട്രാസ്പക്റ്റീവു് എഫക്റ്റും. ഇങ്ങനെ സൗജന്യപരമായ വകുപ്പു് അതിനുണ്ട്. അതിനാൽ ഇതു് വെറും കുടിയിറക്കുള്ള വ്യവസ്ഥയാണെന്നു പറയാൻ ഞാൻ തയ്യാറില്ല. അതായതു് വെറുതെ കുടിയാനവന്മാരെ ബലം പ്രയോഗിച്ചു മാറ്റാൻ ഒക്കുകയില്ല. ഒരു സിവിൽകോർട്ട് ഡിക്രികൊണ്ടു മാത്രമേ സാധിക്കുകയുള്ളൂ. അങ്ങനെ ഡിക്രികൊണ്ടു് സാദ്ധ്യമല്ലാത്തിടത്തോളം കാലം അവർക്കു അവിടെ സ്ഥിരമായി താമസിക്കാൻ ഈ ബിൽ അവകാശം കൊടുക്കുന്നു. ഇതുയും പ്രസ്താവിച്ചുകൊണ്ടു ഞാൻ ബില്ലിന്റെ തത്വത്തോടു യോജിക്കുന്നു.

MR. ABDUL MAJEED : ഈ ബില്ലിന്റെ പൊതുതത്വത്തെ അനുകൂലിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നതു്. നമ്മുടെ രാജ്യത്തെ അഭിമുഖീകരിക്കുന്ന സജീവങ്ങളും സർവ്വപ്രധാനങ്ങളുമായ അനേകം പ്രശ്നങ്ങളുണ്ടു്. ഈ ബില്ലുകൊണ്ടു അതിപ്രധാനമായ ഒരു പ്രശ്നത്തിനു പരിഹാരമുണ്ടാക്കാൻ ആണ് ഗവണ്മെന്റു ശ്രമിച്ചു കാണുന്നതു എന്നു ബോദ്ധ്യപ്പെടുന്നതിനാൽ ഞാൻ ഇന്നത്തെ ഗവണ്മെന്റിനെ അനുമോദിക്കയും അനുകൂലിക്കയും ചെയ്യാൻ ആഗ്രഹിക്കുന്നു. ഈ രാജ്യത്തു് ഇന്നത്തെ സാമ്പത്തികമായ അസമത്വങ്ങൾക്കു സാരമായ പരിഹാരം ഈ ബില്ലുകൊണ്ടു് ഉണ്ടാകുന്നില്ലെങ്കിലും വളരെക്കാലമായി അടിമത്വം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു വർഗ്ഗത്തിനു് ഒരു ചെറിയ

LIBRARY ARCHIVES Kerala Legislative Assembly

അളവിലെങ്കിലും സമത്വം ഉണ്ടാക്കുവാനും സ്വാതന്ത്ര്യം ഉണ്ടാകുവാനും ഈ ബിൽ പ്രയോജനപ്പെടുന്നു എന്നുള്ള കാര്യത്തെ അടിസ്ഥാനമാക്കി യാണു ഞാൻ ഈ ബില്ലിനെ അനുകൂലിക്കാൻ ആഗ്രഹിക്കുന്നതു്. ബഹു മാന്യസ്നേഹിതൻ മി. ബാലകൃഷ്ണൻതമ്പി അവർകൾ ഈ ബിൽ ഉടനെ തന്നെ നിയമമാക്കാൻ നാം വെമ്പൽകൊള്ളേണ്ട ആവശ്യമില്ലെന്നും അതു് സഭയുടെ അന്തസ്സിനു് അനുയോജ്യമല്ലെന്നും പറയുകയുണ്ടായി. ബർമ്മായിലെപ്പോലെ ആഭ്യന്തരകലാപം ഉണ്ടാകത്തക്ക പരിതഃസ്ഥിതിയോ അതിൽക്കവിഞ്ഞ ആക്രമണങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന പരിതഃസ്ഥിതിയൊ ഇവിടെ ഇല്ലെന്നും അദ്ദേഹം സഭയെ അനുസ്മരിപ്പിച്ചു. അദ്ദേഹം കാണുന്ന മാതിരിയുള്ള കുഴപ്പങ്ങളൊന്നും ഇപ്പോൾ ഇവിടെ ഇല്ലെങ്കിലും രാജ്യത്തെ സാമാന്യജനങ്ങളുടെ ഇടയിൽ—സാധു ക്കളുടെ ഇടയിൽ—പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആളുകൾക്കു് ഈ ബില്ലിന്റെ കാര്യത്തിൽ വളരെ താൽപര്യമുണ്ടെന്നുള്ളതു് അദ്ദേഹം മനസ്സിലാക്കുമെന്നു വിശ്വസിക്കുന്നു. അദ്ദേഹം ഒരുപക്ഷെ ഈ പട്ടണ ത്തിൽ സുഖമായി കഴിഞ്ഞുകൂടുന്ന ഒരാളായതുകൊണ്ടു് ഈ കാര്യത്തെ പ്പറ്റി പ്രത്യേകം ചിന്തിച്ചിട്ടില്ലെന്നു വരാം. എന്നാൽ കഴിഞ്ഞ ആഴ്ച ബാലരാമപുരത്തു നടന്ന കുറെ കാര്യങ്ങളെപ്പറ്റി നമുക്കെല്ലാവർക്കും അറിയാവുന്നതാണു്. ഇന്നത്തെ അസ്വസ്ഥതകൾക്കും അസമാധാന ത്തിനും പരിഹാരം കണ്ടുപിടിച്ചില്ലെങ്കിൽ ഒരുപക്ഷെ അദ്ദേഹം സംശ യിക്കുന്നതുപോലെ ബർമ്മായിലെ കലാപം തന്നെ ഇവിടെ ഉണ്ടാകാൻ ഇടവരും എന്നു് അദ്ദേഹത്തെ അനുസ്മരിപ്പിച്ചുകൊണ്ടു് ഇന്നത്തെ ഗവണ്മെൻറു് ഈ അസംബ്ലിയുടെ ഈ സെഷനിൽ തന്നെ ഈ ബിൽ നിയമമാക്കിക്കൊണ്ടുവരണമെന്നു അപേക്ഷിച്ചുകൊണ്ടും ഈ ബില്ലിന്റെ പരിധിയിൽനിന്നും മുനിസിപ്പാലിറ്റികളെ ഒഴിവാക്കുന്നതിനുള്ള ശ്രമം മാറ്റി ഈ ബിൽ ഈ രാജ്യത്തെ എല്ലാഭാഗത്തും നടപ്പാക്കത്തക്കവിധം വേണ്ടതു് ചെയ്യണമെന്നു് സെലക്ട്കമ്മിറ്റിയെ അനുസ്മരിപ്പിച്ചു കൊണ്ടും ഞാൻ ബില്ലിനെ അനുകൂലിച്ചുകൊള്ളുന്നു.

MR. PONNARA G. SREEDHAR : ഈ ബില്ലുകൊണ്ടു് ഗവണ്മെൻറു് എന്തുദ്ദേശിക്കുന്നുവോ ആ കാര്യങ്ങൾ പരിപൂർണ്ണമായി സാധിക്കുന്നില്ലെ ന്നാണു് ഞാൻ ഗവണ്മെൻറിനെ അറിയിക്കാൻ ആഗ്രഹിക്കുന്നതു്. കണ്ടുകെട്ടി, ദേവസ്വം, ശ്രീപാദം ഈ വസ്തുക്കളെ സംബന്ധിച്ചിടത്തോളം എന്താണു് ഉദ്ദേശിച്ചിരിക്കുന്നതെന്നു് വിശദമായി ഇതിൽ നിന്നും മന സ്സിലാക്കുവാൻ സാധിച്ചിട്ടില്ല. യഥാർത്ഥത്തിൽ ആ വക വസ്തുക്കളി ലാണു് കൂടിയാനവന്മാർ അധികവും ഇന്നു കുടിപാർക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. K. CHELLAPPAN PILLAI : ദേവസ്വം ശ്രീപാദം മുതലായ വസ്തുക്കളെ സംബന്ധിച്ചുള്ളവ ഈ നിയമസഭയുടെ പരിശോധനയ്ക്കു വിധേയമാകുകയില്ലെന്നറിയാമോ?

MR. PONNARA G. SREEDHAR : അറിയാം. അതു മനസ്സിലാക്കിക്കൊണ്ടു തന്നെയാണ് ഞാൻ ഇതു പറയുന്നതു്. അതിനാൽ നിയമം പരിപൂർണ്ണമല്ലെന്നും, നിയമംകൊണ്ടു നാം ഉദ്ദേശിക്കുന്ന കാര്യസിദ്ധി ലഭിക്കുന്നില്ലെന്നും ഉള്ള വസ്തുത ഗവൺമെൻറിനെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു. അടുത്തതായി മുനിസിപ്പാലിറ്റിയേയും സിറ്റി കാർപ്പറേഷനേയും ഈ ബില്ലിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടു്. സിറ്റികാർപ്പറേഷൻ പരിധിക്കകത്താണെങ്കിൽ പിന്നോക്കസമുദായക്കാരിൽ ഒരു അൻപതിനായിരം ജനങ്ങളെങ്കിലും അന്യരുടെ പുരയിടങ്ങളിൽ താമസിക്കുന്നവരായിക്കാണാവുന്നതാണു്. ഇന്നു നാം ഉദ്ദേശിക്കുന്നമാതിരി ഈ ബിൽ, സെലക്ട് കമ്മിറ്റിക്കയച്ചു് യാതൊരു മാറ്റവും ചെയ്യാതെ തിരിച്ചുവന്നു് നിയമമാകുകയാണെങ്കിൽ, നിയമമായി വരികയാണെങ്കിൽ ഒരു മാസത്തിനകത്തു അടുത്തതായി സിറ്റികോർപ്പറേഷനകത്തുള്ള കുടിയാന്മാരെസംബന്ധിച്ചും ഈവിധം ഒരു നിയമം വന്നേക്കാനുണ്ടെന്നു മനസ്സിലാക്കിയിട്ടു സിറ്റിയിലെ സകല കുടിയാനവന്മാരേയും വസ്തുഉടമസ്ഥന്മാർ പുറത്തിറക്കും. അതുകൊണ്ടു ഈവിധനിയമങ്ങളുണ്ടാക്കുന്നസമയത്തിൽ അതു് അതുകൂടുന്നതും (Comprehensive) ആയിട്ടു തന്നെ ഇരിക്കണം. അല്ലെങ്കിൽ ദോഷമാണു് ഉണ്ടാകുന്നതു്. ഒരു നിയമം ഉണ്ടാക്കുമ്പോൾ അതിന്റെ വ്യാപ്തിയേയും സ്ഥായിയായ ഗുണത്തേയും പറ്റി നാം ചിന്തിക്കേണ്ടതാണു്. ഈ ബില്ലുകൊണ്ടു മുഴുവൻ ഫലം സിദ്ധിക്കുന്നതു് പിന്നോക്കസമുദായങ്ങൾക്കാണു് എന്നുള്ള വസ്തുത അവിതർക്കിതമാണു്. ആ സമുദായങ്ങളിലെ പ്രതിനിധികൾ ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം പുറപ്പെടുവിച്ച അഭിപ്രായങ്ങളോടു ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. എന്റെ പരിചയം വച്ചുകൊണ്ടും അന്യരുടെ പുരയിടങ്ങളിൽ കെട്ടിടംകെട്ടി താമസിക്കുന്നവർക്കു കേസ്സു നടത്തി ജയിച്ചുകൊണ്ടുപോകുകയെന്നതു് അസാദ്ധ്യമാണെന്നതുതന്നെയാണു്. മുൻകാലങ്ങളിൽ പോലീസുകാർ ബലപ്രയോഗിച്ചു് ആളുകളെ ഒഴിപ്പിച്ചുകൊണ്ടിരുന്നു. ഇക്കാലത്താണെങ്കിൽ നിയമപ്രകാരമല്ലേ സാധിക്കുകയുള്ളു എന്നൊരു ചോദ്യം ഉണ്ടു്. എന്റെ അഭിപ്രായത്തിൽ പോലീസുകാരെക്കൊണ്ടു ഒരിക്കലും സ്ഥലം ഒഴിപ്പിക്കുവാൻ സാദ്ധ്യമല്ല. വസ്തു ഒഴിപ്പിക്കണമെങ്കിൽ കോർട്ടു ഡിക്രി തന്നെവേണം. മുൻപായാലും അതേ, ഇന്നായാലും അതേ. പോലീസുകാരെക്കൊണ്ടു ഒഴിപ്പി

LIBRARY ARCHIVES Kerala Legislative Assembly

ക്കുക എന്നതു്, നിയമപ്രകാരമല്ല, അതു വിധത്തിൽ മുൻപു് നടന്നിട്ടുണ്ടെങ്കിൽ, ഈ ബില്ലു പാസ്സായതിനു ശേഷവും അപ്രകാരം നടക്കും. അതും പൂർണ്ണമനസ്സോടെ സ്ഥലം ഒഴിഞ്ഞുകൊടുത്തു എന്നു വരുന്നതല്ല. കോർട്ടു അമീൻ സ്ഥലം ഒഴിപ്പിക്കാൻ വരുമ്പോഠം ലഹളകളൊന്നും ഉണ്ടാകാതിരിക്കാൻവേണ്ടി പോലീസുകാർ പോകുകയാണു് എന്നതേയുള്ളു. അല്ലാതെ മറുതരത്തിലല്ല. അവക്കു് അതിനു് അധികാരവുമില്ല. അഥവാ മുമ്പു് സംഭവിച്ചിട്ടുണ്ടെങ്കിൽ അതു് ഈ നിയമം വന്നാലും നടക്കും. മോഷണം നിയമവിരുദ്ധമാക്കിയിട്ടുണ്ടു്; എന്നാൽ ഇന്നും മോഷണം നടക്കുന്നുണ്ടു്. അതുപോലെ മാത്രമേയുള്ളു. ഈ ബില്ലനുസരിച്ചു് സ്ഥലം ഒഴിപ്പിക്കുന്നതിനുള്ള വ്യവഹാരത്തിൽ തെളിവുഭാരം വാദിക്കാണു് കൂടുതലായി വന്നുചേർന്നിരിക്കുന്നതു്. മുൻകാലങ്ങളിൽ തെളിവുഭാരം കൂടുതലായി പ്രതിക്കായിരുന്നു. അതുകൊണ്ടു ഈ കാര്യത്തിൽ ഈ ബിൽ ഒരുപക്ഷെ കുടിയാനവന്മാർക്കു സഹായകമായിരുന്നേക്കാം. എങ്കിൽത്തന്നെയും ജന്മിയായ വാദിക്കു് ഈ തെളിവുകഠം ഒക്കെ പെട്ടെന്നു കൊടുക്കുവാൻ സാധിക്കും. കയ്യാല സ്വല്പം ഇടിച്ചു ഇട്ടേച്ചു് അതു് കുടികിടപ്പുകാരൻ ചെയ്തു എന്നോ, അല്ലെങ്കിൽ കുറേ തേങ്ങാ കണ്ടില്ല അതു് അടക്കുടിക്കാരൻ പറിച്ചു എടുത്തു എന്നോ, ഒക്കെപ്പറയാനും തെളിയിക്കുവാനും സാധിക്കും. അതുകൊണ്ടു് അതും പ്രായോഗികമായ ഒന്നല്ല. പിന്നെ മൂന്നാമതായിട്ടു, തനിക്കോ തന്റെ കുടുംബാംഗങ്ങൾക്കോ അവശ്യത്തിനു കെട്ടിടം വയ്ക്കണമെങ്കിൽ, കുടിപാർപ്പുകാരനെ ഒഴിപ്പിക്കാം എന്നുപറയുന്നു. കുടുംബാംഗങ്ങളുടെ ആവശ്യത്തിനു കെട്ടിടം വയ്ക്കണമെന്നുണ്ടെങ്കിൽ കുടിപാർപ്പുകാരനെ പോകാൻ പറയാം. അതുകൊണ്ടു്, എന്റെ പിന്നോക്കസമുദായസ്നേഹിതന്മാർ പറഞ്ഞതുപോലെ ആ ഭാഗം എടുത്തുകളയേണ്ടതു് അത്യാവശ്യമാണു്. ഈ ഭാഗവും ബില്ലു് സെലക്ടു കമ്മിറ്റിയിൽ വരികയാണെങ്കിൽ പരിശോധിക്കേണ്ടതാണു്. ഇതുയും മാത്രമേ എനിക്കു പറയുവാനുള്ളു.

MR. T. T. KESAVAN SASTRI : സർ, ഈ ബില്ലിനെ അനുകൂലിക്കുന്നു. ഈ ബില്ലു കുടികിടപ്പുകാരനെയും വസ്തു ഉടമസ്ഥനെയും ബാധിക്കുന്നതാണു്. ഈ ബിൽ നിയമമാകുന്ന പക്ഷം അതു കുടികിടപ്പുകാരനേയും വസ്തു ഉടമസ്ഥനേയും സ്പർശിക്കുന്നതാണു്. ഈ ബിൽ പാസായാൽ കുടികിടപ്പുകാരെ എല്ലാവരെയും വസ്തു ഉടമസ്ഥന്മാർ ഇറക്കിക്കളയുമെന്നു ഭയപ്പെടുന്നവരുണ്ടു്. അതുപോലെ തന്നെ ഈ ബിൽ പാസാകുന്ന പക്ഷം വസ്തു ഉടമസ്ഥന്മാർക്കു് വസ്തു നഷ്ടപ്പെട്ടുപോകുമെന്നും ദോഷം ഉണ്ടാകുമെന്നും സംശയിക്കുന്നവരുമുണ്ടു്. ഈ ബില്ലു കാലഗതിക്കു

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. T. Kesavan Sastri]

അനുയോജ്യമായിട്ടുള്ളതാണ്. കുടികിടപ്പുകാരെയോ വസ്തു ഉടമസ്ഥരെയോ ഉപദ്രവിക്കണമെന്നുള്ള ഉദ്ദേശം ബില്ലിന്റെ അവതരണത്തിൽ ഉണ്ടെന്നു തോന്നുന്നില്ല. രണ്ടുകൂട്ടരും ഗവണ്മെൻറിന്റെ തുല്യകളാണ്. ഈ ബില്ലിന്റെ പ്രയോക്താവു് ഈ തത്വം ശരിയായി അംഗീകരിച്ചു കൊണ്ടുതന്നെയാണ് ഈബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നതെന്നു തന്നെ ഞാൻ വിചാരിക്കുന്നു. ഈ ബിൽ നടപ്പിലാകുന്നതോടുകൂടി കുടികിടപ്പുകാർക്ക് നിശ്ചയമായും ഒരു സമാശ്വാസം ലഭിക്കുവാൻ എളുപ്പമുണ്ട്. യാതൊരു കാരണവും കൂടാതെ കുടികിടപ്പുകാരെ വസ്തുവിൽനിന്നും ഒഴിപ്പിക്കുവാൻ പാടില്ല എന്നാണ് ഈ ബില്ലിൽ പറയുന്നതു്. അതോടൊപ്പം കുടികിടപ്പുകാരിൽ നിന്നും എന്തെങ്കിലും അക്രമങ്ങളൊ അഴിമതികളൊ വസ്തു ഉടമസ്ഥന്റെ നേർക്ക് ഉണ്ടായാൽ അതു തടയാനുള്ള വ്യവസ്ഥകളും ഈ ബില്ലിൽ തന്നെയുണ്ട്. കുടിയിറക്കു നിരോധനമെന്ന ശബ്ദത്തിൽ, കേവംവിയിൽ ഇരുകൂട്ടർക്കും അൽപം മതിഭ്രമം വന്നിട്ടില്ലേ, എന്നു ഞാൻ ശങ്കിക്കുന്നു. വെളിയിലുള്ള അഭിപ്രായങ്ങളും പ്രസംഗങ്ങളും എന്റെ ഈ അഭിപ്രായത്തെ ബലപ്പെടുത്തുകയാണു ചെയ്യുന്നതു്. ഇങ്ങനെ ഒരു ബിൽ കൊണ്ടുവരുന്നതു കണ്ടു കുടികിടപ്പുകാർ വളരെ ആശ്വസിക്കുന്നു. വസ്തു ഉടമസ്ഥന്മാരുടെ നേരേ എന്തും കാണിക്കുവാൻ തരം കിട്ടിയിരിക്കുന്നു, എന്നു് അവർ ധരിക്കാതിരുന്നാൽ മതി. വസ്തു ഉടമസ്ഥന്മാരും അതു പോലെ തന്നെ തങ്ങൾക്കുള്ള വസ്തുക്കൾ അന്യാധീനപ്പെട്ടുവെന്നോ നഷ്ടപ്പെട്ടുവെന്നോ അവരും ധരിക്കാതിരുന്നാൽ മതി. ഗവണ്മെൻറ് ഏറ്റവും ഔചിത്യപൂർവ്വം കൊണ്ടുവന്നിരിക്കുന്ന അത്യാവശ്യമായ ഒരു ബില്ലാണിതു്. ഞാൻ ഇപ്പോഴത്തെ ഗവണ്മെൻറിനെ അഭിനന്ദിക്കുവാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. ഈ ബിൽകൊണ്ടു് ഇന്നത്തെ ഗവണ്മെൻറു പൊതുവെ അഭിനന്ദനം അർഹിക്കുന്നുണ്ടു്. ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ബില്ലിൽ വേണ്ട ഭേദഗതികൾ അംഗീകരിച്ചു് എത്രയും വേഗത്തിൽ ഇതു് നിയമമാക്കണമെന്നാണ് എന്റെ അഭിപ്രായം.

MR. P. K. KRISHNAN SASTRI : ഈ ബില്ലിനു ദോഷമൊന്നുമില്ലെങ്കിൽ പിന്നെ ഭേദഗതി എന്തിനാണു്?

MR. T. T. KESAVAN SASTRI: ഈ ബില്ലിൽ ഒരു ദോഷവുമില്ലെന്നോ ഭേദഗതികളൊന്നും ആവശ്യമില്ലെന്നോ അല്ല ഞാൻ പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ബില്ലിന്റെ പരിധിയിൽ നിന്നും സർക്കാർ സ്ഥലങ്ങളേയും മുൻസിപ്പൽ സ്ഥലങ്ങളേയും ഒഴിവാക്കിയിരിക്കയാണ്. അവയും ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. അങ്ങനെ ചില ഭേദഗതികൾ ചേയ്യേണ്ടതായുണ്ട്. ആവശ്യമുള്ള ഭേദഗതിയും സ്വീകരിച്ച് ഈ ബിൽ എത്രയും വേഗത്തിൽ നിയമമാക്കേണ്ടതെന്നാണ് ഞാൻ പറയുന്നത്. ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു.

MR. V. GANGADHARAN NAIR (*Quilon III—General*) : സർ, ഞാൻ ബില്ലിനെ അനുകൂലിക്കുന്നു. യാതൊരു പരിതഃസ്ഥിതികളിലും കുടികിടപ്പുകാരെ ഇറക്കിവിടുവാൻ പാടില്ലാത്തവിധം ഈ ബില്ല് ഭേദഗതി ചെയ്യേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. ഇന്ന് കുടികിടപ്പുകാർ കിടക്കുന്ന സ്ഥലങ്ങളെല്ലാം, കുടിലുകൾ വച്ചിരിക്കുന്ന സ്ഥലങ്ങളെല്ലാം അവരുടെ സ്വന്തമാക്കികൊടുക്കുന്നതിനുള്ള ഒരു ഭേദഗതിതന്നെയാണ് നാം സ്വീകരിക്കേണ്ടത്. അതുകൊണ്ടു വസ്തു ഉടമസ്ഥന്മാക്കുണ്ടായേക്കാവുന്ന നഷ്ടം പരിഹരിക്കുന്നതിന് ദീർഘകാലവ്യവസ്ഥയിൽ ഒരു നഷ്ടപരിഹാരപദ്ധതികൂടി ഏർപ്പെടുത്തുന്നതിനോടും ഞാൻ ഇപ്പോൾ യോജിക്കാം. അങ്ങനെ ഒരു വ്യവസ്ഥ സ്വീകരിച്ചുകൊണ്ട് ഇന്നു കുടികിടപ്പുകാർ കിടക്കുന്ന സ്ഥലങ്ങളെല്ലാം അവരുടെ സ്വന്തമാക്കിത്തീർക്കുന്നതിനുള്ള ഒരു ഭേദഗതിയോടുകൂടി ഈ ബിൽ പാസാക്കുകയാണ് ഏറ്റവും ഉത്തരമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

MR. T. A. MOIDEEN KUNJU : സർ, ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ടു വലിയ ഒരു പ്രസംഗം നടത്തി സമയം കളയുന്നതു തെറ്റാണെന്നാണ് എന്റെ അഭിപ്രായം. എത്ര തന്നെ ശരിയായ നിലയിൽ കൊണ്ടുവന്നിരിക്കുകയാണെങ്കിലും ഇങ്ങനെയുള്ള ബില്ലിൽ ചില ന്യൂനതകളെല്ലാം കണ്ടേക്കാം. ആ വക ന്യൂനതകളെല്ലാം സെലക്ട് കമ്മിറ്റിയിൽ പരിഹരിക്കപ്പെടുമെന്നുള്ള വിശ്വാസത്തോടുകൂടി ഈ ബിൽ എത്രയും വേഗത്തിൽ സെലക്ട് കമ്മിറ്റിക്കു അയയ്ക്കുകയും നിയമമാക്കിത്തീർക്കുകയും ചെയ്യുന്നതിനുള്ള നടപടികളാണു കൈക്കൊള്ളേണ്ടത്. ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പര്യാലോചനയ്ക്കു വരുമ്പോൾ അവർ ഒരു കാര്യംകൂടി ആലോചനാവിഷയമാക്കിയാൽ കൊള്ളാമെന്നു എനിക്കു അഭിപ്രായമുണ്ട്. ഇപ്പോൾ കുടിപാർപ്പുകാർ അക്രമം കാണിച്ചാൽ അവരെ ഒഴിപ്പിക്കാമെന്നു വ്യവസ്ഥയുണ്ട്. അങ്ങനെ അക്രമം കാണിക്കാതെ സ്ഥലത്തിന്റെ കുറവുകൊണ്ടോ, പക്ഷേ ഉടമസ്ഥൻ സ്വന്തമായി കെട്ടിടംവച്ചു താമസിക്കണമെന്നു വരു

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. A. MoideenKunju]

പൊഴൊ ഒരു കുടികിടപ്പുകാരനെ കൂടി ഇറക്കേണ്ടി വരുമ്പോൾ അവനു സ്ഥിരമായി താമസിക്കുന്നതിന് മറ്റു് എന്തെങ്കിലും കരിടം ഉണ്ടാക്കി കൊടുക്കുവാനുള്ള ഉത്തരവാദിത്വം കൂടി ആ വസ്തു ഉടമസ്ഥനുണ്ടായിരിക്കേണ്ടതാണു്. അങ്ങനെ ഒരു ഭേദഗതികൂടി ഈ ബില്ലിൽ വരുത്തണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

HON'BLE MR. A. J. JOHN: I move that the question may now be put.

The motion was put and carried.

HON'BLE MR. A. J. JOHN : ഈ ബില്ലിന്റെ തത്വത്തോടു എല്ലാവരും യോജിച്ചിരിക്കുകയാണു്. അതുകൊണ്ടു ഇതിനെപ്പറ്റി കൂടുതലായി ഒന്നുംതന്നെ പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല.

I move that the Bill may be referred to the same Select Committee constituted for the Verumpattom holders (Stay of eviction proceedings) Bill.

The quorum is fixed as 5.

HON'BLE MR. N. KUNJURAMAN : I second the motion.

HON'BLE MR. A. J. JOHN: I also move that the Standing Order 35 (2) may be suspended and the Select Committee may be ordered to submit the report on Tuesday the 22nd February 1949.

HON'BLE MR. N. KUNJURAMAN: I second the motion.

The motions were put and carried.

THE TRAVANCORE PUBLIC SERVICE COMMISSION BILL.

HON'BLE MR. A. J. JOHN : I beg to introduce the Travancore Public Service Commission Bill.

HON'BLE MR. N. KUNJURAMAN : I second the motion.

HON'BLE MR. A. J. JOHN : പബ്ലിക്കു് സർവീസിലേക്കുള്ള നിയമനങ്ങൾ മുതലായവ സംബന്ധിച്ചു ഗവണ്മെൻറിനെ ഉപദേശിക്കുന്നതിലേക്കു് ഒരു പബ്ലിക്കുസർവീസു കമ്മീഷനെ നിയമിക്കേണ്ടതു് ആവശ്യമാണെന്നുള്ള ബോദ്ധ്യം വന്നതുകൊണ്ടാണു് ഈ ബിൽ അവതരിപ്പിക്കുന്നതു്.

ഈ ബിൽ കഴിഞ്ഞ ഡിസംബർ ൧൪-ാം തീയതി ഗസറ്റിൽ പരസ്യം ചെയ്തിരുന്നു. ബില്ലിലെ പ്രധാന വ്യവസ്ഥകൾ ഇവയാണു്.

(൧) പബ്ലിക്കുസർവീസു കമ്മീഷന്റെ ചെയർമാനേയും മറ്റു അംഗങ്ങളേയും ഗവണ്മെൻറിൽ നിന്നും നിയമിക്കുന്നതാണു്. കമ്മീഷനിൽ എത്ര അംഗങ്ങൾ ഉണ്ടായിരിക്കണമെന്നും, അവരുടെ

LIBRARY ARCHIVES Kerala Legislative Assembly